# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ബി.പി.1/1280/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 16/10/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം.(ഉപരിപത്രം സഹിതം)
അസി.ഡെവലപ്പ്മെന്റ് കമ്മീഷണർ,ഗ്രാമവികസന വകുപ്പ്,തിരുവനന്തപുരം.
കാര്യാലയപകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ബി.പി.1/1280/2023 തീയ്യതി: 16/10/2023

## തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ.ജി | ജോയിന്റ് ഡയറക്ടർ | 10-07-2023 | 19-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-07-2023 | 19-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലക്ഷ്മി വി.എസ്.നായർ,ഓഡിറ്റ് ഓഫീസർ
ശ്രീമതി.ആശ ജി.ആർ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ബിന്ദുലത ബി.പി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.രാജു.എസ്,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.വി മൻമോഹൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.വിക്രമൻആശാരി എസ് | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ.രംജിത്ത് ആർ.എസ് | സെക്രട്ടറി | 01-06-2022 | 04-07-2022 |
| ശ്രീ.ധീരജ് മാത്യു.ജെ.ജെ | സെക്രട്ടറി | 04-07-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.വിക്രമൻആശാരി എസ് | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ.രംജിത്ത് ആർ.എസ് | സെക്രട്ടറി | 01-06-2022 | 04-07-2022 |
| ശ്രീ.ധീരജ് മാത്യൂ.ജെ.ജെ | സെക്രട്ടറി | 04-07-2022 | 31-03-2023 |
| ശ്രീമതി.ഷംല എം.എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി ദീപ്തി എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 12-10-2022 |
| ശ്രീമതി ലീന ആർ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 12-10-2022 | 12-12-2022 |
| ശ്രീമതി സന്ധ്യ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 12-12-2022 | 31-03-2023 |
| ശ്രീമതി.മേരി സുധ.ഡി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.അൻവർ കെ | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സിന്ധു എൽ | ശിശു വികസന ഓഫീസർ | 01-04-2022 | 02-06-2022 |
| ശ്രീമതി.ശിവപ്രിയ | ശിശു വികസന ഓഫീസർ | 02-06-2022 | 31-03-2023 |
| ഡോ.ജവഹർ | മെഡിക്കൽ ഓഫീസർ,ഇൻചാർജ് വിഴിഞ്ഞം | 01-04-2022 | 31-03-2023 |
| ഡോ.ജസ്റ്റിൻ ബേസൽ | മെഡിക്കൽ ഓഫീസർ ,വെൺപകൽ | 01-04-2022 | 31-03-2023 |
| ഡോ.മംഗള എസ് | മെഡിക്കൽ ഓഫീസർ,പുല്ലുവിള | 01-04-2022 | 31-03-2023 |
| ശ്രീ.അനീഷ് കുമാർ പി | വ്യവസായവികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ സുനിൽ കെ | അസിസ്റ്റന്റ് ഡയറക്ടർ കൃഷി | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ അപാകത | 1-1-3 |
| 5 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-4 |
| 6 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-5 |
| 7 | വാർഷിക കണക്കുകളിലെ തുകകളും അതാത് ഡിമാന്റ് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിരിക്കുന്ന തുകകളും ആയി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | ജി എസ് ടി തുക വരവ് വച്ചതിന്റെ രേഖകളില്ല | 1-1-8 |
| 10 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-9 |
| 11 | ഡെപ്പോസിറ്റ് വർക്കിനത്തിൽ നൽകിയ തുക ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | ഇ-ടെണ്ടർ ഫോറവിലയിനത്തിലെ തുകയുടെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-1-11 |
| 13 | മറ്റ് അപാകതകൾ | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |
| 19 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 21 | ക്ഷേമപദ്ധതികൾ | 1-9 |
| 22 | ഭരണസമിതി യോഗമിനിട്സുകൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നില്ല | 1-10 |
| 23 | യാത്രാ ബത്ത നൽകൽ നിയമാനുസൃതമാക്കണം. | 1-11 |
| 24 | വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"-എന്നസൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-12 |
| 25 | ഒറിജിനൽ ബില്ലുകൾ സമർപ്പിച്ചിട്ടില്ല.69249/-രൂപ തടസ്സപ്പെടുത്തുന്നു. | 1-13 |
| 26 | തനത് വരുമാനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല | 1-14 |
| 27 | എക്സ്റേ യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് മുമ്പായി മുഴുവൻ തുകയും നൽകി.2000000/-രൂപ തടസപ്പെടുത്തുന്നു. | 1-15 |
| 28 | ഇ ടെണ്ടർ ഫീ സമയബന്ധിതമായി ബ്ലോക്ക് പഞ്ചായത്തിനു ലഭ്യമാകുന്നില്ല. | 1-16 |
| 29 | ആസ്തി രജിസ്റ്റർ അപൂർണ്ണം | 1-17 |

| | | |
|---|---|---|
| 30 | നിക്ഷേപ പ്രവൃത്തിക്കായി ഭൂജലവകുപ്പിനു കൈമാറിയതിൽ വിനിയോഗശേഷമുള്ള തുക തിരികെ ലഭ്യമാക്കിയിട്ടില്ല | 1-18 |
| 31 | പദ്ധതി സ്ഥലത്തു നിന്നും ലഭ്യമായ മെറ്റിരിയൽ കൈമാറിയതിനുള്ള രേഖകൾ ലഭ്യമായില്ല. | 1-19 |
| 32 | കരാർ ലംഘിച്ച കരാറുകാരനിൽ നിന്നും നഷ്ടതുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല. | 1-20 |
| 33 | ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-21 |
| 34 | സ്പീച്ച് ബിഹേവിയർ ആന്റ് ഒക്കുപേഷൻ തെറാപ്പിസ്റ്റിന് ഹാജരാകാത്ത ദിവസങ്ങളിലും വേതനം നൽകി. 55,000/-രൂപ തിരികെ ഈടാക്കേണ്ടതാണ്. | 1-22 |
| 35 | ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളം ആക്കുന്ന നൂതന പ്രോജക്ട് നടപ്പിലാക്കിയില്ല- 5,57,167/-രൂപ തടസ്സപ്പെടുത്തുന്നു. | 1-23 |
| 36 | മൊബൈൽ മെഡിക്കൽ യൂണിറ്റ്- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല-2362988 /രൂപ തടസ്സപ്പെടുത്തുന്നു | 1-24 |
| 37 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-1009213/- രൂപ തടസ്സപ്പെടുത്തുന്നു. | 1-25 |
| 38 | പി.എം.എ.വൈ ഭവന പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-26 |
| 39 | മുഴവൻ തുകയ്ക്കും മരുന്ന് ലഭ്യമാക്കിയിട്ടില്ല. | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | സ്പീച്ച് ബിഹേവിയർ ആന്റ് ഒക്കുപേഷൻ തെറാപ്പിസ്റ്റിന് ഹാജരാകാത്ത ദിവസങ്ങളിലും വേതനം നൽകി. 55,000/-രൂപ തിരികെ ഈടാക്കേണ്ടതാണ്. | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകൾ | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.06.2023 ലെ 3/2-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി (കമ്മിറ്റി തീരുമാനത്തിന്റെ നമ്പരും തീയതിയും) 30.06.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.
വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപെട്ട വിവിധ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-1-1 ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

MPLADS അക്കൗണ്ടിന്റെ വിശദാംശങ്ങൾ മുന്നിരിപ്പായി ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ RP 40b യിൽ നീക്കിയിരിപ്പായി പ്രസ്തുത അക്കൗണ്ടിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 01.04.2022 ൽ 4133/-രൂപ നീക്കിയിരുപ്പായി ഉണ്ടായിരുന്നു. പ്രസ്തുത തുക പലിശയിനത്തിലെ വരവായാണ് ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

### 1-1-2 അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ അപാകത

'ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-4 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

ഉദാ- ഡെപ്പോസിറ്റ് വർക്കുകളുമായി ബന്ധപ്പെട്ട ലെഡ്ജറുകളിൽ ജേണൽ വൗച്ചറുകൾ പ്രകാരം ക്രമീകരിച്ചിരിക്കുന്ന തുകകൾക്കാധാരമായ വിനിയോഗസാക്ഷ്യപത്രം/ചെലവുരേഖകൾ സൂക്ഷിച്ചിട്ടില്ല.

### 1-1-5 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഉദാ- ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ആസ്തിയും വാർഷിക കണക്കുകളും തമ്മിൽ താരതമ്യം ചെയ്യുവാൻ സാധിച്ചില്ല.
ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

### 1-1-6 വാർഷിക കണക്കുകളിലെ തുകകളും അതാത് ഡിമാന്റ് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിരിക്കുന്ന തുകകളും ആയി പൊരുത്തപ്പെടുന്നില്ല.

ഉദാ - Advance To Others എന്ന ശീർഷകത്തിൽ MGNREGSന് മുൻകൂർ നൽകിയ തുക സംബന്ധിച്ച രജിസ്റ്റർ , ധനകാര്യപത്രിക എന്നിവയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

| | മുൻ ബാക്കി | തൻവർഷം നൽകിയ തുക | തിരികെ ലഭിച്ച തുക | നീക്കി ബാക്കി |
|---|---|---|---|---|
| ധനകാര്യപത്രിക പ്രകാരം | 756040 | 938001 | 324900 | 1369151 |
| രജിസ്റ്റർ പ്രകാരം | 323770 | 951141 | 523009 | 751902 |

### 1-1-7 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2023 ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-8 ജി എസ് ടി തുക വരവ് വച്ചതിന്റെ രേഖകളില്ല

മുറികളുടെ വാടകയുടെ ജി.എസ്.ടി വരവായി രജിസ്റ്റർ പ്രകാരം 18,246/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത വരവ് ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ലഭ്യമായ തുക സർക്കാരിലേയ്ക്ക് ഒടുക്കിയതിന്റെ വിവരങ്ങളും ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-9 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

ആർ.പി. 43 ഹെഡ് 431400102 റെന്റ് റിസീവബിൾസ് ഫ്രം ബിൽഡിംഗ്സ് (അരിയർ) ൽ 32,935/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഹെഡുകളിൽ ഡിമാന്റ് ബുക്ക് ചെയ്തിട്ടില്ല.

### 1-1-10 ഡെപ്പോസിറ്റ് വർക്കിനത്തിൽ നൽകിയ തുക ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | മുന്നിരിപ്പ് | 2022-23 ൽ നൽകിയ തുക | ആകെ | തിരികെ ലഭ്യമായ തുക | നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|---|---|---|
| കെ.എസ് .ഇ.ബി | 3273196 | 434134 (130/22, മുളപ്പുരയിടം കൊല്ലവിളാകം വൈദ്യുതി ലൈൻ നീട്ടൽ) | 3707330 | 0 | 3190642 | 516688 |
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 370977 | 223617 (149/22, ഗവ.എൽ പി സ്കൂൾ കഴിവൂർ കുടിവെള്ള പദ്ധതി ) | 594594 | 0 | 594594 | 0 |
| കേരള വാട്ടർ അതോറിറ്റി | 4019794 | 0 | 4019794 | 0 | 1589311 | 2430483 |

### 1-1-11 ഇ-ടെണ്ടർ ഫോറവിലയിനത്തിലെ തുകയുടെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ ഫീ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ആകെ 1,39,640/-രൂപ ലഭിച്ചിട്ടുണ്ടെങ്കിലും, പ്രസ്തുത തുക തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലാണ് നിക്ഷേപിക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത തുക ഇതുവരെയും ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് ലഭ്യമായിട്ടില്ല.

### 1-1-12 മറ്റ് അപാകതകൾ

1.മാനവൽ രസീത് ബുക്ക് (രസീത് ബുക്ക് നം IV) മുഖേന നൽകിയിരിക്കുന്ന രസീതുകൾക്ക് അതേ ദിവസം കാഷ് ബുക്കിൽ വരവ് രേഖപ്പെടുത്തുന്നില്ല. വിവിധ തീയതികളിലെ വരവു തുകകൾ ഒരുമിച്ചാണ് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നത്.

ഉദാ-

| രസീത് നം, തീയതി | തുക | ഇനം |
|---|---|---|
| 347/20.04.2022 | 10000 | ഹാൾവാടക |
| 348/07.05.2022 | 10000 | ഹാൾവാടക |
| 349/16.05.22 | 2625 | റൂം വാടക ശക്തി SHG |

2. B-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തികളിൽ 1-17(a) പ്രകാരമുള്ള Depreciation പ്രതിഫലിച്ചിട്ടില്ല. അവ മുൻവർഷത്തേതുപോലെ തുടരുന്നു.

ഉദാ- Movable Assets Markets, Movable Assets- Others

3. വിവിധ ഫണ്ടുകളുടെ എ.സി.ആർ പ്രകാരമുള്ള വരവ് ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല.

| വരവിനം | വരവ് | |
|---|---|---|
| | എ.സി.ആർ | ധനകാര്യപത്രിക (ആർ പി 7) |
| വികസനഫണ്ട് ജനറൽ | 2,42,26,116/- | 2,42,09,666 |
| മെയിന്റൻസ് ഫണ്ട് (നോൺ റോഡ് ) | 74,07,522/- | 63,12,000 |
| സി എഫ് സി ബേസിക് അൺടൈഡ് | 4466837 | 4664813 |
| സി എഫ് സി ടൈഡ് | 6848953 | 6848910 |

4. സംയുക്ത പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകയുടെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ചെലവ് (സുലേഖ പ്രകാരം) | നീക്കിയിരുപ്പ് (എ.എഫ്.എസ് പ്രകാരം) |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ചത് | 8834132 | 452772 | 0 | 2920904 |

ധനകാര്യപത്രികയിൽ ചെലവ് ഏത് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ചെലവുതുകയും ലഭ്യമാക്കേണ്ടതാണ്. പി.എം.എ.വൈ പദ്ധതി ഗ്രാമപഞ്ചായത്തുകളുടെ വിഹിതം കൂടി ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നതെങ്കിലും പ്രോജക്ട് അടങ്കലിൽ ഗ്രാമപഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തിയിട്ടില്ല.

5. ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് എന്നയിനത്തിൽ 16,89,830/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനെ സാധൂകരിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

6. ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ധനകാര്യപത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുത്താനായിട്ടില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 21.03.2022 തീയതിയിലെ 1(2) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് മുന്നിരുപ്പ് 5074533/-, വരവ് 493500000/-, ചെലവ് 495000000/-, ബജറ്റ് നീക്കിയിരുപ്പ് 3574533/-.

ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

1) ബജറ്റ് തയ്യാറാക്കുന്നതിന് വികസനകാര്യം, ക്ഷേമകാര്യം, ആരോഗ്യം വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം കൂടി തീരുമാനങ്ങൾ സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ബജറ്റ് ശുപാർശകൾ സ്വീകരിക്കാതെയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ഭരണസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടുള്ളത്.

2) ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളും, വാർഷിക കണക്കുകൾ പ്രകാരമുള്ള വരവു ചെലവുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ബജറ്റ് പ്രകാരമുള്ള വരവു, ചെലവിലും അധികമാണ് വാർഷിക കണക്കുകൾ പ്രകാരമുള്ള വരവു ചെലവുകൾ. ഉദാ-

| ഇനം | ബജറ്റ് പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം |
|---|---|---|
| തനതു വരവുകൾ (വാടക, ഫീസ് & യൂസർ ചാർജ്ജസ്, മറ്റു വരവുകൾ) | 2,00,000 | 2,40,750 |
| എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 23,10,000 | 35,50,974 |

3) ബജറ്റ് വരവു ചെലവുകൾ അപൂർണ്ണമാണ്. വാർഷിക കണക്കുകൾ പ്രകാരമുള്ള എല്ലാ ഹെഡുകളിലും ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ഉദാഹരണത്തിന് ചുവടെ ചേർക്കുന്ന ഇനങ്ങളിൽ ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

| ഹെഡ് | വാർഷിക കണക്കുകൾ പ്രകാരമുള്ള തുക | ബജറ്റ് പ്രകാരമുള്ള തുക |
|---|---|---|
| 140200102 പെനാൽട്ടീസ് & ഫൈൻസ് | 14110 | വകയിരുത്തിയിട്ടില്ല |
| 140500104 ഇലക്ട്രിസിറ്റി ചാർജ്ജസ് കളക്ടഡ് | 19671 | വകയിരുത്തിയിട്ടില്ല |
| 210100201 വേജസ് - ഡെയ് ലി വേജസ് സ്റ്റാഫ് | 662998 | വകയിരുത്തിയിട്ടില്ല |
| 220100302 വെഹിക്കിൾ ടാക്സ് | 162185 | വകയിരുത്തിയിട്ടില്ല |
| 230100201 ഡീസൽ, പെട്രോൾ, ഗ്യാസ് & ലൂബ്രിക്കന്റ്സ് ഫോർ പ്രസിഡന്റ്സ് വെഹിക്കിൾ | 102502 | വകയിരുത്തിയിട്ടില്ല |

4) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 , കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 72,73,74 എന്നിവ അനുസരിച്ച് ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ചെലവ് വരുത്താൻ പാടില്ല. അങ്ങനെ ചെയ്യേണ്ടി വരുകയാണെങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പാസ്സാക്കേണ്ടതാണ്. ബജറ്റ് പുതുക്കുകയോ അനുപൂരക ബജറ്റ് പാസ്സാക്കുകയോ ചെയ്തിട്ടില്ല.

ബജറ്റ് തയ്യാറാക്കിയതിലെ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 19/15.07.2023) ന് മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14009234 |
| ഓഡിറ്റ് വർഷത്തെ വരവ് | 73818834 |
| ആകെ | 87828068 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 77438970 |
| നീക്കിയിരിപ്പ് | 10389098 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 27236000 | 27236000 | 24209666 | 3026334 |
| വികസനഫണ്ട് എസ്.സി.പി | 0 | 15724000 | 15724000 | 15267584 | 456416 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 7785700 | 7785700 | 7407522 | 378178 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) | 0 | 6848953 | 6848953 | 6183648 | 665305 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Basic Grant) | 0 | 4466837 | 4466837 | 2462302 | 2004535 |
| CSS | 0 | 0 | 0 | 0 | 0 |
| SSS | 0 | 0 | 0 | 0 | 0 |

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച പരാമർശങ്ങൾ

I. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം – അപാകതകൾ

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)7/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിച്ച

തുകകൾ ബ്ലോക്ക്പഞ്ചായത്തിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്നു.

| ക്രമ നം | ഹെഡ് | 31.03.2022 ലെ നീക്കിയിരിപ്പ് തുക | 31.03.2023 ലെ നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320700208 ജോയിന്റ് വെൻച്വർ - ഫ്രം വില്ലേജ് പഞ്ചായത്ത്സ് | 8834132 | 2920904 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 25/20.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

2) ധനകാര്യപത്രിക പ്രകാരം CFC ഫണ്ടിനത്തിൽ മുന്നിരിപ്പായി 2803669/- രൂപ നിലവിലുണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ മുന്നിരിപ്പ് '0' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഫണ്ട് വിനിയോഗം

2022-23 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

(എ)

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 27236000 | 24209666 | 3026334 |
| വികസനഫണ്ട് എസ്.സി.പി | 15724000 | 15267584 | 456416 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 7724000 | 7407522 | 316478 |

(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് (ചെലവ് ശതമാനം) |
|---|---|---|---|---|---|
| അസി.ഡയറക്ടർ (കൃഷി) | 3 | 3 | 0 | 309500 | 272300 (88) |
| സീനിയർ വെറ്ററിനറി സർജൻ | 7 | 7 | 0 | 4518475 | 4187167 (93) |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 18 | 17 | 1 | 8843270 | 7867386 (88.96) |
| ശിശു വികസന ഓഫീസർ | 9 | 9 | 0 | 3315568 | 3313756(99.95) |
| വ്യവസായ വികസന ഓഫീസർ | 2 | 2 | 0 | 1050000 | 300,000 (26) |
| പട്ടികജാതി വികസന ഓഫീസർ | 2 | 2 | 0 | 5630000 | 4655000 (82.68) |
| സെക്രട്ടറി | 28 | 24 | 4 | 20052219 | 17199809 (86) |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 3 | 1 | 2 | 3128892 | 24444 (0.78) |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 56 | 49 | 7 | 26433250 | 18386826 (69.56) |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 35 | 33 | 2 | 10529235 | 8777060 (83.35) |

(സി)ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 27883990 | 24209666 | 87 |
| എസ്.സി.പി. | 17340574 | 15267584 | 88 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 15453570 | 8645950 | 56 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 154558 | 0 | 0 |
| തനത് ഫണ്ട് | 2346593 | 675966 | 29 |
| മറ്റ് ഗ്രാമപഞ്ചായത്ത് | 1350000 | 0 | 0 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 0 | 0 | 0 |
| മെയിന്റനൻസ് റോഡ് | 0 | 0 | 0 |
| മെയിന്റനൻസ് റോഡിതരം | 8751889 | 7407522 | 85 |
| മറ്റുള്ളവ | 0 | 0 | 0 |
| ആകെ | | | |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 128 | 114 | 14 | 73281174 | 56206688 | 77 |

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1അനുസരിച്ച്, ഭരണസമിതിയുടെ 19 .1.2021തീയതി 4(1) നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

പുനഃസംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

19.1.2021ൽ മാത്രമാണ് ആസൂത്രണ സമിതി യോഗം കൂടിയിട്ടുള്ളത്. യോഗത്തിൽ 12 പേർ പങ്കെടുത്തു.

തുടർ പദ്ധതികൾ തയ്യാറാക്കുന്ന അവസരത്തിൽ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം 13വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഭരണസമിതിയുടെ /19.1.2021 3(1) നമ്പർ തീരുമാന പ്രകാരമാണ് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ട്

നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന ഓരോ മേഖലിയിലേയും വികസന വിടവുകൾ കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ് .എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾക്കായി, ചർച്ച ചെയ്ത് വിവരങ്ങൾ പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് വായ്പാ സാധ്യത ഉപയോഗപ്പെടുത്തി വ്യവസായ വികസന ഓഫീസർ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച്, പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ കരിച്ചൽ കായൽ ടൂറിസം പദ്ധതിയിൽ അനുബന്ധ പ്രവർത്തനങ്ങളായി തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള 2നൂതന പ്രോജക്ടുകൾക്ക് അംഗീകാരം നല്കിയിട്ടുണ്ട്.

- മൊബൈൽ മെഡിക്കൽ യൂണിറ്റ്.
- ചാണകം ഉണക്കി പൊടിച്ച് ജൈവവളമാക്കുന്ന പദ്ധതി

CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല.

ആസ്തി രജിസ്റ്റർ

മാർഗ്ഗരേഖ ഖണ്ഡിക 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കൃത്യമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ കാലികമാകി സൂക്ഷിക്കുന്നില്ല.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.11.22 | 2021-22 | 26.5.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.10.21 | 2018 | 25.8.2017 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

ഇല്ല

## 1-8 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

- ബ്ലോക്ക് പഞ്ചായത്ത് ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആകയാൽ പഞ്ചായത്ത് ഈ സാമ്പത്തികവർഷം,മുൻവർഷങ്ങളിൽ സൃഷ്ടിച്ച ആസ്തികൾ സംബന്ധിച്ച് വ്യക്തതയില്ല.
- ഭരണസമിതി യോഗമിനുട്സുകൾക്ക് സമയബന്ധിതമായി അംഗീകാരം നല്കുന്നില്ല.

- PMAY ഭവനപദ്ധതിയിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ AFS പ്രകാരം വരവ് രേഖപ്പെടുത്തുന്നുണ്ടെങ്കിലും വാടക രജിസ്റ്ററിൽ മുറികളുടെ എണ്ണം തിരിച്ച് വാടക രേഖപ്പെടുത്തുന്നില്ല.

## 1-9 ക്ഷേമപദ്ധതികൾ

ഇല്ല.

## 1-10 ഭരണസമിതി യോഗമിനിട്സുകൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നില്ല

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26 പ്രകാരം ഭരണസമിതിയോഗം കൂടി 5 ദിവസത്തിനുള്ളിൽ മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരം നേടേണ്ടതുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ഭരണസമിതി യോഗമിനിട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കി അംഗീകാരം നേടുന്നില്ല. ഉദാഹരണത്തിന് 28.09.2022, 26.10.22, 28.11.22 തീയതികളിലെ യോഗമിനിട്സുകൾ സെക്രട്ടറി 27.01.2023 തീയതിയിലാണ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്. ഇതേ തീയതിയിൽ തന്നെ മിനിട്സുകൾ അധ്യക്ഷൻ അംഗീകരിച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു. ചട്ടപ്രകാരമുള്ള കാലയളവിൽ മിനിട്സ് പൂർത്തീകരിച്ച് പ്രസിദ്ധപ്പെടുത്താത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 1/10.07.2023) കൂടുതൽ ഇന്നവേറ്റീവ് പ്രോജക്ടുകൾ ഉള്ളതുകൊണ്ടും സകർമയിലെ സാങ്കേതിക പ്രശ്നങ്ങൾ കൊണ്ടുമാണ് മിനിറ്റുകൾ ക്ലോസ് ചെയ്യുന്നതിനു കാലതാമസം നേരിട്ടതെന്ന് മറുപടി നൽകി. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. സകർമയിലെ സാങ്കേതിക പ്രശ്നങ്ങൾ അതതു സമയങ്ങളിൽ റിപ്പോർട്ട് ചെയ്ത് പരിഹാരം നേടേണ്ടതാണ്. മിനിട്സുകൾക്ക് സമയബന്ധിതമായി അംഗീകാരം നേടുന്നതിനു ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-11 യാത്രാ ബത്ത നൽകൽ നിയമാനുസൃതമാക്കണം.

സർക്കുലർ നമ്പർ 20233/പി.3/1998/തസ്വഭവ.തിയതി 14-12-1998 പ്രകാരം പഞ്ചായത്തിന്റെ ഔദ്യോഗിക കാര്യങ്ങൾക്ക് വേണ്ടിയും,സർക്കാരോ,അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ വിളിച്ചുകൂട്ടുന്ന യോഗങ്ങളിലോ പങ്കെടുക്കുന്നവർക്ക് യാത്രാബത്തയ്ക്ക് അർഹതയുണ്ട്.എന്നാൽ അത്തരം യാത്രകൾക്ക് ബ്ലോക്ക് പഞ്ചായത്ത് ചുമതലപ്പെടുത്തി നൽകുന്ന അനുമതി ആവശ്യമാണ്. 2022-23വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ ജനപ്രതിനിധികൾക്ക് യാത്രാബത്ത അനുവദിച്ച് നൽകിയിട്ടുണ്ട്. പഞ്ചായത്ത് രാജ് നിയമപ്രകാരം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് നൽകിയ ഔദ്യോഗിക യാത്രകൾക്ക് നിയമാനുസൃത യാത്രാ ബത്ത അനുവദിക്കാവുന്നതാണ്. എന്നാൽ ബ്ലോക്ക് ജനപ്രതിനിധികൾ സമർപ്പിച്ച യാത്രാനോട്ടുകളിൽ വിവരിക്കുന്ന യാത്രകൾ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ചുമതലപ്പെടുത്തി അംഗീകരിച്ച് നൽകിയതിന്റെ രേഖകൾ ഇല്ലാതെ യാത്രബത്ത അനുവദിച്ചിരിക്കുന്നു. അപ്രകാരം കണ്ടെത്തിയ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| എത്തി ചേരുന്ന സ്ഥലം | യാത്രാ ഉദ്ദേശം |
|---|---|
| നെയ്യാറ്റിൻകര | താലൂക്ക് സർവ്വെ ഓഫീസ്. |
| തിരുവനന്തപുരം | DMOഓഫീസ്.-വെൺപകൽ H.S.-ന് എതിരെ പരാതി നൽകാൻ |
| കാഞ്ഞിരം കുളം | വാട്ടർ അതോറിറ്റി എ.ഇ.യെ കാണാൻ |
| നെയ്യാറ്റിൻകര | മത്സ്യതൊഴിലാളികളുടെ റേഷൻകാർഡ് മസ്റ്ററിംഗ് |
| തിരുനന്തപുരം | വാക്സിൻ ലഭ്യമാക്കാൻ |
| വെൺപകൽ | വാസ്കിനേഷൻ വിതരണം |
| കോട്ടുകാൽ | കോട്ടുകാൽ ഗ്രാമപഞ്ചായത്ത്-കോവിഡ് -വിലയിരുത്തൽ. |

ഇപ്രകാരം മേൽ വിവരിച്ചതും അല്ലാത്തതുമായ ധാരാളം യാത്രകൾ നടത്തിയതായി രേഖപ്പെടുത്തിയ യാത്രനോട്ടുകളുടെ അടിസ്ഥാനത്തിൽ തുക അനുവദിച്ച് നൽകിയിരിക്കുന്നു.ഇപ്രകാരം നടത്തിയ യാത്രകൾ ബ്ലോക്ക് ഭരണസമിതി ചുമതലപ്പെടുത്തി അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാനും ,അംഗീകരിച്ചിട്ടില്ലായെങ്കിൽ ക്രമവിരുദ്ധമായി യാത്രാബത്ത അനുവദിച്ച് നൽകിയതിനുള്ള വിശദീകരണവും ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.27/19.07.23)

## 1-12 വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"-എന്നസൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക,കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS"-എന്നസൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്.ബ്ലോക്ക് പഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 9/23 മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവ ഉൾപ്പെടെ) പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്താതെ വാഹനങ്ങൾക്കായി തുക അനുവദിക്കുന്നത് സർക്കാർ ഉത്തരവിന്റെ ലംഘനമായി മാറുന്നതിനാൽ തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 ഒറിജിനൽ ബില്ലുകൾ സമർപ്പിച്ചിട്ടില്ല.69249/-രൂപ തടസ്സപ്പെടുത്തുന്നു.

S0107/22-23 നമ്പർ സി.എച്ച്.സി.വിഴിഞ്ഞം -ദൈനംദിന ചെലവുകൾ -എന്ന പദ്ധതിയ്ക്കായി റോഡിതരത്തിൽ 400000/-രൂപ വകയിരുത്തി 399240/-രൂപ ആശുപത്രിയുടെ ദൈനംദിന ആവശ്യങ്ങൾക്കായി ചെലവഴിച്ചു. പ്രസ്തുത തുകയിൽ ഉൾപ്പെടുത്തി സി.എച്ച്.സി-യിലെ

കമ്പ്യൂട്ടറുകളുടെ അറ്റകുറ്റ പണിയ്ക്കായി ചുവടെ വിവരിക്കുന്ന ബില്ലുകൾ പ്രകാരം കരാർ ചമയ്ക്കാതെയും, വാങ്ങിയ ഉപകരണങ്ങളുടെ ബില്ലുകൾ ഇല്ലാതെയും തുക അനുവദിച്ചു.

| ബിൽ നമ്പർ,തിയതി | തുക |
|---|---|
| 26, 28/2/2023 | 40299/- |
| 29 , 21/3/2023 | 14200/- |
| 44, 31/3/2023 | 20050/- |
| ആകെ | 74549/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ആഫീസർ ,സി.എച്ച്.സി.വിഴിഞ്ഞം. |

മേൽ വിവരിച്ച ബില്ലുകൾ പ്രകാരം “Twenty Four IT Info System "എന്ന സ്ഥാപനത്തിന് അറ്റകുറ്റ പണി നടത്തിയതിന് ആകെ 74549/-രൂപ നൽകി.ബില്ലുകൾ പരിശോധിച്ചതിൽ പ്രസ്തുത തുകയിൽ 69249/-രൂപ കമ്പ്യൂട്ടറുകൾ അറ്റകുറ്റ പണിനടത്തി പ്രവർത്തന സജ്ജമാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയതിനും, 5300/-രൂപ സർവ്വീസ് ചാർജിനത്തിലും പ്രസ്തുത സ്ഥാപനത്തിന് നൽകി. ഫയൽ പരിശോധനയിൽ ഉപകരണങ്ങൾ വാങ്ങിയ 69249/-രൂപയുടെ ബില്ലുകൾ ലഭ്യമാക്കിയിട്ടില്ലായെന്ന് കണ്ടെത്തി. തുടർന്ന് നൽകിയ അന്വേഷണകുറിപ്പ് 14/23-ന് നിർവഹണോദ്യോഗസ്ഥൻ മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല.ആയതിനാൽ കമ്പ്യൂട്ടറുകൾ അറ്റകുറ്റ പണിനടത്തി പ്രവർത്തന സജ്ജമാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയ ഒറിജിനൽ ബില്ലുകളുടെ അഭാവത്തിൽ 69249/-രൂപ തടസ്സപ്പെടുത്തുന്നു.ഓഡിറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച് 2 മാസത്തിനകം ബില്ലുകൾ ഓഡിറ്റിന് ലഭ്യമാക്കാത്ത പക്ഷം 69249/- രൂപ നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്.ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും, ഭരണസമിതിയും ഓഡിറ്റ് പരാമർശം പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 തനത് വരുമാനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 29.07.2022 ലെ 6(10) തീരുമാനത്തിലൂടെ ബ്ലോക്ക് ഓഫീസ് കോമ്പൌണ്ടിലെ ഇ.എം.എസ്. ഹാൾ പൊതുജനങ്ങൾക്ക് വാടകക്ക് നൽകുന്നതിന സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത ഹാൾ നാളിതുവരെയും പൊതുജനങ്ങൾക്ക് വാടകക്ക് ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് കോമ്പൌണ്ടിൽ ഇപ്രകാരം ഹാൾ വാടകക്ക ലഭ്യമാണെന്നു സംബന്ധിച്ച ബോർഡുകളോ, അറിയിപ്പുകളോ ഒന്നും തന്നെ പൊതുജന ശ്രദ്ധയിൽപ്പെടുന്ന വിധം സ്ഥാപിച്ചിട്ടില്ല. ഹാൾ വാടകക്ക നൽകാത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/12.07.2023) ജനറേറ്റർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതിനാൽ ഇതുവരെ ഇ.എം.എസ്. ഹാൾ പൊതുജനങ്ങൾക്ക് വാടകയ്ക്ക് നൽകിയിട്ടില്ലായെന്ന മറുപടി നൽകി. പ്രസ്തുത മറുപടി തൃപ്തികരമല്ല. 23.12.2022 ലെ 3(2) തീരുമാനത്തിലൂടെ ഇ.എം.എസ്. ഹാൾ എ.സി. ഇല്ലാതെ 2000/- രൂപ നിരക്കിൽ വാടകക്ക് നൽകുന്നതിനും ഭരണസമിതി നിർദ്ദേശിച്ചിട്ടുണ്ട്. ഇ.എം.എസ്. ഹാളിൽ വിവിധ സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കായി വർഷാവർഷം ഭീമമായ തുക ബ്ലോക്ക് പഞ്ചായത്ത് വിനിയോഗിക്കുന്നുണ്ട്. ഹാൾ യഥാവിധി വാടകയ്ക്ക് നൽകുന്നതിനും തനതു വരുമാനം ഉറപ്പാക്കുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 എക്സ്റേ യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് മുമ്പായി മുഴുവൻ തുകയും നൽകി.2000000/-രൂപ തടസപ്പെടുത്തുന്നു.

S0124/22-23 നമ്പർ “സി.എച്ച്.സി.വെൺപകൽ -എക്സ്റേ യൂണിറ്റ് വാങ്ങൽ”- പദ്ധതി പ്രകാരം 2000000/-രൂപ വകയിരുത്തി “15 KW Integrated Digital Radiography System With Flat Panel Detector” വെൺപകൽ സി.എച്ച്.സി.യിൽ സ്ഥാപിക്കുന്നതിനായി മെഡിക്കൽ ആഫീസർ പുറപ്പെടുവിച്ച 5/1/2023-ലെ E-tender No.A/1335/2022 CHCV പ്രകാരം ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത മോഹാലി ആസ്ഥാനമായി പ്രവർത്തിക്കുന്ന "അലഞ്ചേഴ്സ് "എന്ന സ്ഥാപനത്തിന് ചുവടെ വിവരിക്കുന്ന ബില്ലുകൾ പ്രകാരം നികുതി ഉൾപ്പടെ 2000000/-രൂപ നൽകി.

| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ആഫീസർ ,വെൺപകൽ സി.എച്ച്.സി. | |
|---|---|---|
| ഫണ്ട് ഇനം | റോഡിതരം. | |
| ക്രമനമ്പർ | ബിൽ നമ്പർ,തിയതി | തുക |
| 1 | 20 , 24/3/23 | 932500/- |
| 2 | 21, 24/3/23 | 135000/- |
| 4 | 23, 24/3/23 | 932500/- |
| | ആകെ | 2000000/- |

പദ്ധതി പ്രകാരം ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത “Allengers” എന്ന സ്ഥാപനത്തിന് പർച്ചേഴസ് ഓർഡർ നൽകി എക്സ്റേ യൂണിറ്റും ,ഡിജിറ്റൽ പ്രിൻററും വെൺപകൽ സി.എച്ച്.സി.യിൽ എത്തിയ്ക്കുകയും ,പ്രസ്തുത ഉപകരണങ്ങൾ 5/3/2023-ൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ 19/7/2023-ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ പദ്ധതിപ്രകാരം വാങ്ങിയ എക്സ്റേ യൂണിറ്റും ,ഡിജിറ്റൽ പ്രിൻററും ബോക്സുകളിൽ തന്നെ ആശുപത്രി കെട്ടിടത്തിൽ കൂട്ടിവച്ചിരിക്കുന്നതായും എക്സ്റേ യൂണിറ്റും ,ഡിജിറ്റൽ പ്രിൻററും

പ്രവർത്തന സജ്ജമാക്കിയിട്ടില്ലായെന്നും കണ്ടെത്തി. ആയതിനാൽ പ്രസ്തുത പദ്ധതി പ്രകാരം വിഭാവനം ചെയ്ത സേവനം പൊതുജനങ്ങൾക്ക് നൽകുന്നതിന് നാളിതുവരെ തദ്ദേശസ്ഥാപനത്തിന് സാധിച്ചിട്ടില്ല. പദ്ധതി ആസൂത്രണം,നടത്തിപ്പ് എന്നിവയിൽ ഭരണതലത്തിലും,നിർവഹണതലത്തിലും സംഭവിച്ച വീഴ്ചകൾ ചുവടെ ചേർക്കുന്നു.

1.ഭരണതലത്തിൽ സംഭവിച്ച വീഴ്ചകൾ.

A.എക്സ്റേ യൂണിറ്റ് സ്ഥാപിക്കാനുള്ള ആവശ്യകത ഉറപ്പിക്കാനുള്ള പഠനം നടത്താതെയും, കെട്ടിടം ഉൾപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താതെയും,സാങ്കേതിക റിപ്പോർട്ട് ഇല്ലാതെയുമാണ് ആരോഗ്യകാര്യ വർക്കിംഗ് ഗ്രൂപ്പ് 2021-22വർഷം മുതൽ പദ്ധതി നിർദ്ദേശം സമർപ്പിച്ചത്.

B.ആരോഗ്യകാര്യ വർക്കിംഗ് ഗ്രൂപ്പും ,ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയും സമർപ്പിച്ച "എക്സ്റേ യൂണിറ്റ് സ്ഥാപിക്കാൻ" എന്ന പദ്ധതിയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ആശുപത്രിയിൽ ഉണ്ടെന്ന് ഉറപ്പുവരുത്താതെ ഭരണാനുമതി അംഗീകാരം നൽകി.

C.തദ്ദേശ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം,നിർവഹണം,വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് സംഘടിപ്പിക്കേണ്ട ആസൂത്രണസമിതിയുടെ ഏതൊരു നിർദ്ദേശമോ,സഹായമോ ലഭ്യമായിട്ടില്ല.

D.പദ്ധതി നിർവഹണം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് ചെയ്തിട്ടില്ല.ആയതിനാൽ പദ്ധതി പ്രകാരം മുഴുവൻ തുക ചെലവഴിച്ചുവെങ്കിലും പദ്ധതിയുടെ പ്രയോജനം പൊതുജനങ്ങൾക്ക് നാളിതു വരെ നൽകാൻ സാധിച്ചിട്ടില്ല.

E.മെഡിക്കൽ ആഫീസർ സി.എച്ച്.സി.വെൺപകൽ 2021-22വർഷത്തിൽ നിർവഹണം നടത്താനായി S0167/22 നമ്പർ ആയി 1500000/-രൂപ വകയിരുത്തി പദ്ധതി അംഗീകാരം നേടിയിരുന്നുവെങ്കിലും നടപ്പിലായില്ല. എന്നാൽ ആ വർഷത്തിലും തുടർവർഷത്തിലും കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ആദ്യം ഉറപ്പുവരുത്താൻ ഭരണസമിതി നടപടി സ്വീകരിച്ചില്ല. എന്നാൽ 2022-23- ൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിനായുള്ള പദ്ധതിയോടൊപ്പം ചുവടെ വിവരിക്കുന്ന പദ്ധതികൾക്കും അംഗീകാരം നൽകി.

| പദ്ധതിയുടെ നമ്പരും പേരും | അടങ്കൽ തുക | ചെലവ് തുക | പദ്ധതിയുടെ നിലവിലെ അവസ്ഥ |
|---|---|---|---|
| S045/2022-23. എക്സ്റേ യൂണിറ്റ് -എ.സി.സ്ഥാപിക്കൽ | 100000/- (തനത് ഫണ്ട്) | 0 | നടപ്പിലാക്കിയില്ല. |
| S046/2022-23. എക്സ്റേ യൂണിറ്റ് -റൂം നിർമ്മാണം. | 495000/- (റോഡിതരം) | 149980/- | സ്ഥല പരിശോധനാ സമയത്ത് പൂർത്തിയായിട്ടില്ല. |

ഇതിൽ നിന്നും പദ്ധതി ശിപാർശ 27/6/2022-ലെ 4-ാം നമ്പർ തീരുമാനപ്രകാരം സ്റ്റാൻഡിംഗ് കമ്മിറ്റിയും,29/6/2022- ലെ 3(4)നമ്പർ തീരുമാനപ്രകാരം ജനറൽ കമ്മിറ്റിയും അംഗീകരിച്ചത് എക്സ്റേ യൂണിറ്റ് വാങ്ങിയാൽ സ്ഥാപിക്കാൻ അനുയോജ്യമായ കെട്ടിടവും അനുബന്ധസൌകര്യങ്ങളും ഉറപ്പുവരുത്താതെയാണ് എന്ന് വ്യക്തമാകുന്നു.
F.എക്സ്റേ യുണിറ്റ് പ്രവർത്തിപ്പിക്കാനായി റേഡിയോഗ്രാഫറെ നിയമിക്കാനുള്ള എച്ച്.എം.സി. തീരുമാനമോ,സർക്കാർ അനുമതിയോ ലഭ്യമായിട്ടില്ല.
G.ബ്ലോക്ക് തല പർച്ചേസ് കമ്മിറ്റിയുടെ തീരുമാനം അന്വേഷണകുറിപ്പിലൂടെ ആവശ്യപ്പെട്ടുവെങ്കിലും പർച്ചേസ് കമ്മിറ്റി മിനിസ്റ്റ്സ് ബുക്ക്ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2.നിർവഹണോദ്യോഗസ്ഥന്റെ വീഴ്ചകൾ.

A.പദ്ധതി രൂപീകരണ സമയത്ത് എക്സ്റേ യൂണിറ്റ് വാങ്ങിയാൽ സ്ഥാപിക്കാൻ അനുയോജ്യമായ കെട്ടിടം, അനുബന്ധ സൌകര്യങ്ങൾ തുടങ്ങിയവ നിലവില്ലായെന്നുള്ള വിവരം ഭരണസമിതിയെ രേഖാമൂലം അറിയിച്ചിട്ടില്ല.

B.16/1/2023-ൽ BP-1133/2022/ATRകത്ത് പ്രകാരം എക്സ്റേ യുണിറ്റ് സ്ഥാപിക്കാൻ പുറപ്പെടുവിച്ച ടെണ്ടർ പ്രകാരം പങ്കെടുത്ത കമ്പനികളുമായി ചർച്ച നടത്തുന്നതിനായി നടക്കുന്ന സാങ്കേതിക കമ്മിറ്റിയിയുടെ യോഗത്തിൽ പങ്കെടുക്കുന്നതിനായി സാങ്കേതിക പരിജ്ഞാനം ഉള്ള ഉദ്യോഗസ്ഥനെ (റേഡിയോ ഗ്രാഫറെ )പങ്കെടുക്കാൻ വിട്ടുനൽകണമെന്ന് ജില്ലാ മെഡിക്കൽ ആഫീസറോട് അഭ്യർത്ഥിച്ചു.ആയത് പ്രകാരം സാങ്കേതിക പരിജ്ഞാനം ഉള്ള ഉദ്യോഗസ്ഥൻ പ്രസ്തുത യോഗത്തിൽ പങ്കെടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

C.എക്സ്റേ യൂണിറ്റിനായി മാത്രം ടെണ്ടർ ക്ഷണിച്ചു. എന്നാൽ ടെണ്ടറിൽ എക്സ്റേ യൂണിറ്റിനോടൊപ്പം ഡിജിറ്റൽ പ്രിന്റർ ഉൾപ്പെടുത്താതെ ടെണ്ടർ ലഭിച്ച കമ്പനിയ്ക്ക് തന്നെ ഡിജിറ്റൽ പ്രിന്റർ സപ്ലൈ ചെയ്യാൻ ഭരണസമിതിയുടെ അംഗീകരിച്ചതിനാൽ ഡിജിറ്റൽ പ്രിന്ററിനും തുക കൈമാറി.
D.സ്റ്റോർ പർച്ചേസ് മാനവൽ 9.63പ്രകാരം എക്സ്റേ യൂണിറ്റ്, ഡിജിറ്റൽ പ്രിന്റർ എന്നിവയ്ക്ക് Annual Maintenance Contract ചമച്ചിട്ടില്ല.
E.സ്റ്റോർ പർച്ചേസ് മാനവൽ 10.21 പ്രകാരം എക്സ്റേ യൂണിറ്റ് ഇൻഷ്വർ ചെയ്യതിട്ടില്ല.
F.സ്റ്റോർ പർച്ചേസ് മാനവൽ 12.13 പ്രകാരം ലഭ്യമാകുന്ന ഉപകരണം സപ്ലൈയർ സ്ഥാപിച്ച് ,പ്രവർത്തനക്ഷമമാക്കേണ്ടതാണെങ്കിൽ ഇൻവോയിസ് തുകയുടെ80%-90%വരെ മാത്രമേ നൽകാവുവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 5-1-2023-ലെ A/1335/2022/CHCV നമ്പർ പ്രകാരം പ്രസിദ്ധീകരിച്ച ഇ-ടെണ്ടറിൽ എക്സ്റേ യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനക്ഷമമാണെന്ന് ടെക്നീഷ്യൻ സാക്ഷ്യപ്പെടുത്തുമ്പോൾ മാത്രമേ ടെണ്ടർ പ്രകാരമുള്ള മുഴുവൻ തുകയും നൽകുവെന്ന നിബന്ധന ചേർത്തില്ല. എക്സ്റേ യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് മുമ്പ് തന്നെ മുഴുവൻ തുകയും നൽകിയത് നിയമാനുസൃതമല്ല.
G.എക്സ്റേ യൂണിറ്റിന്റെ അനുബന്ധ ഉപകരണങ്ങളായ ജനറേറ്റർ,ഡിക്റ്റേറ്റർ,19"LCD Moniter,SERVO VOLTAGE STABILIZER എന്നിവയും CONSOLE SOFTWARE- ഉം ടെണ്ടറിൽ പ്രതിപാദിച്ചിരുന്നുവെങ്കിലും ആയവ ലഭ്യമായതായ രേഖകൾ ഹാജരാക്കിയിട്ടില്ല. എക്സ്റേ യൂണിറ്റ് പ്രവർത്തനക്ഷമമാകുന്നതിന് മുമ്പ് തന്നെ ആശുപത്രിയുടെ സ്റ്റോക്ക് രജിസ്റ്ററിൽ ആസ്തിയായി 5/3/2023-ൽ രേഖപ്പെടുത്തി.

H.ടെണ്ടർ ലഭിച്ച അലഞ്ചേയസ് എന്ന സ്ഥാപനം 10/2/2023-ൽ മെഡിക്കൽ ആഫീസർക്ക് നൽകിയ കത്തിൽ അടിസ്ഥാന സൗകര്യങ്ങൾ

ഒരുക്കുന്നതിൽ താമസം സംഭവിച്ചാൽ ഉപകരണങ്ങളുടെ സപ്ലൈ ഓഡർ വൈകിപ്പിക്കാവുന്നതാണെന്ന് അറിയിച്ചു. എന്നാൽ അപ്രകാരം ലഭ്യമായ കത്ത് പരിഗണിക്കാതെ ഉപകരണങ്ങൾ എത്തിച്ചു.മേൽ വിവരിച്ച അപാകങ്ങൾക്ക് വിശദീകരണങ്ങൾ ലഭ്യമാക്കാൻ അന്വേഷണകുറിപ്പ് 8/23 പ്രകാരം നിർവഹണോദ്യോഗസ്ഥനോടും,അന്വേഷണകുറിപ്പ് 9/23പ്രകാരം സെക്രട്ടറിയോടും ആവശ്യപ്പെട്ടുവെങ്കിലും മറുപടികൾ ലഭ്യമാക്കിയില്ല.ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ടെണ്ടർ പ്രകാരം ലഭ്യമായ എക്സ്റേ ഉപകരണങ്ങളും,ഡിജിറ്റൽ പ്രിന്ററും ,എക്സ്റേ യൂണിറ്റ് സ്ഥാപിക്കാനുള്ള കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ തെളിയിക്കുന്ന ഫോട്ടോകൾ ചുവടെ ചേർക്കുന്നു.

എക്സ്റേ ഉപകരണം (A) എക്സ്റേ ഉപകരണം (B)





എക്സ്റേ യൂണിറ്റ് സ്ഥാപിക്കാനുള്ള കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി.



ഡിജിറ്റൽ പ്രിന്റർ.



പദ്ധതിപ്രകാരം ടെണ്ടർ നേടിയ അലഞ്ചേഴ്സ് എന്ന സ്ഥാപനം ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാകുന്ന തിയതി മുതൽ 36 മാസവും,ഡെലിവറി തിയതി മുതൽ 39 മാസവുമാണ് വാറന്റിയെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. കൂടാതെ ഉപകരണത്തിന് അറ്റോമിക് എനർജി റെഗുലേഷൻ ബോർഡിന്റെ രേഖാമൂലമുള്ള അംഗീകാരം ലഭിച്ചതിന്റെ രേഖ ലഭ്യമാക്കിയില്ല. എക്സ്റേ യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് 3 -ഫേസ് വൈദ്യുതി കണക്ഷനും ,റേഡിയോഗ്രാഫറുടെ തസ്തികയും ആവശ്യമാണ്. ആയതിനാൽ പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് മുമ്പ് മുഴുവൻ തുകയും നൽകിയത് അംഗീകരിക്കാവുന്നതല്ല. പദ്ധതി പ്രകാരം 5/3/2023-ൽ ലഭിച്ച വാങ്ങിയ ഉപകരണങ്ങൾ സംയോജിപ്പിച്ച് പ്രവർത്തനം 7/2023-ലും ആരംഭിക്കാത്തിനാൽ പദ്ധതിയ്ക്കായി ചെലഴിച്ച 2000000/-രൂപ(ഇരുപത് ലക്ഷം) തടസ്സപ്പെടുത്തുന്നു.ഓഡിറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച് 2 മാസത്തിനകം എക്സ്റേ യൂണിറ്റ് പ്രവർത്തനക്ഷമമായെന്ന എക്സ്റേ ടെക്നീഷ്യന്റെ റിപ്പോർട്ടും മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കാത്തപക്ഷം തടസ്സപ്പെടുത്തിയ 2000000/-രൂപ നിർവഹണോദ്യാഗസ്ഥൻ, വിയോജനകുറിപ്പ് രേഖപ്പെടുത്താത്ത ഭരണസമിതി അംഗങ്ങൾ എന്നിവരിൽ നിന്നും "പാഴ് ചെലവ്" എന്ന നിഗമനത്തിൽ ഈടാക്കുന്നതിന് ശുപാർശ ചെയ്യുന്നതാണ്. അന്വേഷണകുറിപ്പ് 8/2023,9/2023എന്നിവയ്ക്ക് മറുപടികൾ ലഭ്യമാക്കേണ്ടതാണ്.

## 1-16 ഇ ടെണ്ടർ ഫീ സമയബന്ധിതമായി ബ്ലോക്ക് പഞ്ചായത്തിനു ലഭ്യമാകുന്നില്ല.

ഇ ടെണ്ടർ ഫീ നിക്ഷേപിക്കുന്നതിലേക്കായി അസി. എഞ്ചിനീയറുടെ പേരിൽ കറന്റ് അക്കൗണ്ട് ആരംഭിക്കുന്നതിനും, പ്രസ്തുത അക്കൗണ്ടുകൾ ഇ ടെണ്ടർ സൈറ്റുമായി ലിങ്ക് ചെയ്യുന്നതിനും ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ഇ ടെണ്ടർ ഫീ നിക്ഷേപിക്കുന്നതിലേക്കായി അസി. എഞ്ചിനീയറുടെയും, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും പേരിൽ എസ്.ബി.ഐ. യിൽ അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ടെങ്കിലും, പ്രസ്തുത അക്കൗണ്ടിലേക്ക് നാളിതുവരെ ഇ ടെണ്ടർ ഫീ നിക്ഷേപിച്ചു ലഭ്യമായിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തിൽ ഇ ടെണ്ടർ ഫീ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ആകെ 1,39,640/-രൂപ ലഭിച്ചിട്ടുണ്ടെങ്കിലും, പ്രസ്തുത

തുക തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത തുക ഇതുവരെയും ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറികിട്ടിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/10/07.2023) ന് ഇ ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിനായി തിരുവനന്തപുരം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയതായി മറുപടി നൽകി. മുൻവർഷങ്ങളിലെ ഇ ടെണ്ടർ ഫീയും ഇപ്രകാരം ലഭ്യമാകുവാൻ അവശേഷിക്കുന്നുണ്ടോ എന്നതു വ്യക്തമല്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ട് ഇ ടെണ്ടർ സൈറ്റുമായി ലിങ്ക് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇ ടെണ്ടർ ഫീ ഇനത്തിൽ ലഭ്യമാകാനുള്ള തുക മുഴുവനും ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-17 ആസ്തി രജിസ്റ്റർ അപൂർണ്ണം

സർക്കുലർ നം.58608/ഡി.ബി.2/2009/തസ്വഭവ തീയതി 13.01.2010 ഖണ്ഡിക 3.22 പ്രകാരം ആസ്തി രജിസ്റ്റർ കാലാകാലങ്ങളിൽ മാറ്റം വരുത്തേണ്ടതും, പരിഷ്കരിക്കേണ്ടതുമാണ്. ഒരോ സാമ്പത്തിക വർഷാരംഭത്തിലും മുൻവർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്കു സമർപ്പിക്കേണ്ടതും, ഭരണസമിതിയുടെ അംഗീകാരത്തോടെ ഡിജിറ്റൽ ആസ്തി രജിസ്റ്റർ പുതുക്കേണ്ടതുമാണ്. ബ്ലോക്ക് പഞ്ചായത്ത് ഇപ്രകാരം ആസ്തി രജിസ്റ്റർ പുതുക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തു ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പഴക്കമുള്ളതും, തുടർന്നുള്ള ആസ്തി വിവരങ്ങളൊന്നും തന്നെ അപ്ഡേറ്റ് ചെയ്യാത്തതുമാണ്. ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിൽ കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി വിവരങ്ങളാണ് കൂടുതലായും ഉൾപ്പെടുത്തിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ പോലും ആസ്തി രജിസ്റ്ററിൽ ലഭ്യമല്ല.

സ.ഉ.(കൈ)നം.255/2013/തസ്വഭവ തീയതി 18.07.2013 പ്രകാരം ആസ്തി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്യുന്നതിനും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ പരിപാലിക്കാത്തതു സംബന്ധിച്ച മുൻ റിപ്പോർട്ടുകളിലും പരാമർശിച്ചിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച തുടർനടപടികളൊന്നും തന്നെ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ പൂർണ്ണമായും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ പൂർത്തീകരിക്കേണ്ടതും, കാലാകാലങ്ങളിൽ ആസ്തി വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് പൂർണ്ണമാക്കേണ്ടതുമാണ്.

## 1-18 നിക്ഷേപ പ്രവൃത്തിക്കായി ഭൂജലവകുപ്പിനു കൈമാറിയതിൽ വിനിയോഗശേഷമുള്ള തുക തിരികെ ലഭ്യമാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തിൽ വിവിധ കടിവെള്ള പദ്ധതികളുടെ നിർവഹണത്തിന്റെ ഭാഗമായി സംസ്ഥാന ഭൂജല വകുപ്പിന് ഭൂജലവകുപ്പ് ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം ആകെ 15,80,315/- രൂപ നിക്ഷേപിച്ചു നൽകിയിരുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | ഫണ്ടിനം | നിക്ഷേപിച്ച തുക | വിനിയോഗിച്ച തുക | തിരികെ ലഭിക്കാനുള്ള തുക |
|---|---|---|---|---|---|
| 1 | 54/22 ചരുവിള സെറ്റിൽമെന്റ് കോളനി കടിവെള്ള പദ്ധതി | വികസന ഫണ്ട് എസ്.സി.പി | 370977 | 303672 | 67305 |
| 2 | 89/22 ഊരൂട്ടുവിള കടിവെള്ള പദ്ധതി | കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റ് | 96407 | 86657 | 9750 |
| 3 | 94/22 വലിയവിള കടിവെള്ള പദ്ധതി | കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റ് | 370977 | 370977 | 0 |
| 4 | 146/22കല്ലുവെട്ടാൻകുഴി കടിവെള്ള പദ്ധതി | കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റ് | 370977 | 343981 | 26996 |
| 5 | 93/22 മുലയൻതാന്നി കടിവെള്ള പദ്ധതി | കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റ് | 370977 | 0 | 370977 |
| | ആകെ | | 1580315 | 1105287 | 475028 |

ക്രമ നം. 5 പ്രകാരമുള്ള പദ്ധതി പ്രാദേശിക തർക്കത്തെ തുടർന്ന് നടപ്പാക്കിയില്ല.
നിക്ഷേപിച്ചു നൽകിയതിൽ 11,05,287/- രൂപ വിനിയോഗിച്ചതായും, ബാക്കിയുള്ള 4,75,028/- രൂപ തിരികെ അനുവദിക്കുന്നതിലേക്കായി റ്റി.എസ്.ബി. അക്കൌണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും 19.11.2022 ൽ ഭൂജലവകുപ്പ് ജില്ലാ ഓഫീസർ ബ്ലോക്ക് പഞ്ചായത്ത് അസി. എഞ്ചിനീയർക്ക് അറിയിപ്പ് നൽകിയിരുന്നു. എന്നാൽ പ്രസ്തുത തുക ഇതുവരെയും ബ്ലോക്ക് പഞ്ചായത്തിനു തിരികെ ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/14.07.2023) ബാക്കി വന്ന തുക തിരികെ അനുവദിക്കേണ്ടത് ബ്ലോക്ക് പഞ്ചായത്തിലേക്ക് ആയതിനാൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനു ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കു കത്തും (28.12.2022) ഓർമ്മക്കുറിപ്പും (04.05.2023) നൽകിയതായി മറുപടി നൽകി.

ഒരേ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന രണ്ടു കാര്യാലയങ്ങൾ തമ്മിൽ വിശദാംശങ്ങൾ കൈമാറുന്നതിനുള്ള കാലതാമസം പദ്ധതി പണം വിനിയോഗിക്കുന്നതിലെ കാര്യക്ഷമക്കുറവായും, ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ അലംഭാവമായും വിലയിരുത്തുന്നു. തിരികെ ലഭിക്കാനുള്ള തുക ബ്ലോക്ക് പഞ്ചായത്തിന്റെ റ്റി.എസ്.ബി. അക്കൌണ്ടിലേക്ക് നിക്ഷേപിച്ചു ലഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക റ്റി.എസ്.ബി. അക്കൌണ്ടിൽ വരവുവച്ച ശേഷം പ്രസ്തുത തുകയിൽ എസ്.സി.പി. ഫണ്ടിൽ നിന്നും അധികമായി ചെലവു ചെയ്യപ്പെട്ട തുക പ്രസ്തുത ഹെഡിലേക്കും, സി.എഫ്.സി. ഗ്രാന്റിൽ നിന്നും അധികമായി ചെലവു ചെയ്യപ്പെട്ട തുക സി.എഫ്.സി.

അക്കൌണ്ടിലേക്കും ഒടുക്കേണ്ടതും, ഇടപാടുകൾ സംബന്ധിച്ച രേഖകൾ പരിശോധനക്കു ലഭ്യമാക്കേണ്ടതുമാണ്.

### 1-19 പദ്ധതി സ്ഥലത്തു നിന്നും ലഭ്യമായ മെറ്റിരിയൽ കൈമാറിയതിനുള്ള രേഖകൾ ലഭ്യമായില്ല.

പ്രോ.നം. 36/23 കല്ലുവെട്ടാൻകുഴി കുടിവെള്ള പദ്ധതി (സ്പിൽ ഓവർ) പ്രകാരം ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും 1,04,695/- രൂപ 2022-23 സാമ്പത്തിക വർഷത്തിൽ ചെലവു ചെയ്തിട്ടുണ്ട്. പദ്ധതിയുടെ എം ബുക്ക് (നം. 534/21-22/ATRBP) പേജ് നം. 1 ൽ 8.996 M3 പ്രകാരം പാറക്കെട്ട് പൊളിച്ചതായും, ഇതിൽ 4.935m3 പാറ ഉപയോഗപ്പെടുത്തിയതായും, ബാക്കി പാറ ഗ്രാമപഞ്ചായത്തിനു കൈമാറിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പാറ ഗ്രാമപഞ്ചായത്തിന് കൈമാറിയത് സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. രേഖകൾ ലഭ്യമല്ലാത്തതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/14.07.2023) കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പാറക്കെട്ട് പൊളിച്ചതിന്റെ ബാക്കി പാറ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന് കൈമാറിയതായി മറുപടി നൽകി. എന്നാൽ പ്രസ്തുത രേഖകൾ പരിശോധനക്കു ലഭ്യമായില്ല. 4.935$m^3$ പാറ കൈപ്പറ്റിയതിനുള്ള ഗ്രാമപഞ്ചായത്ത് അധികാരികളുടെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം 4.935$m^3$ പാറയുടെ വില ലോക്കൽ മാർക്കറ്റ് നിരക്കിൽ ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

### 1-20 കരാർ ലംഘിച്ച കരാറുകാരനിൽ നിന്നും നഷ്ടതുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല.

പ്രോ. നം. 31/23 ചപ്പാത്ത് അമ്പലത്തിൻമൂല റോഡ് അഴുക്ക് ചാൽ നിർമ്മാണം (സ്പിൽ ഓവർ) പദ്ധതി പ്രകാരം 3,79,713/- രൂപ ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും വിനിയോഗിച്ചിട്ടുണ്ട്. മേൽ പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷത്തിൽ ടെണ്ടർ നേടി കരാറിലേർപ്പെട്ട ശ്രീ. സത്യരാജ് എന്ന കരാറുകാരൻ പ്രവൃത്തി നിർവഹിക്കാത്തതിനാൽ ടിയാളെ കരിമ്പട്ടികയിൽപ്പെടുത്തുന്നതിനും, ടിയാളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടുന്നതിനും റീടെണ്ടർ ചെയ്ത് പ്രവൃത്തി നടപ്പാക്കുന്നതിനും, ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 30.08.2022 തീയതിയിലെ 3(4) തീരുമാനത്തിൽ നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത തീരുമാനത്തിനുമേൽ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും തുടർനടപടികൾ സ്വീകരിച്ചില്ല. സെക്യൂരിറ്റി ഡെപ്പോസിറ്റ് തനതു ഫണ്ടിലേക്ക് കണ്ടുകെട്ടാത്തതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തെ (നം. 5/12.07.2023) തുടർന്ന് ശ്രീ. സത്യരാജിന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് (9600/- രൂപ) കണ്ടുകെട്ടി തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൌണ്ടിലേക്ക് കൈമാറുന്നതിനു പാറശ്ശാല സബ് ട്രഷറി ഓഫീസർക്കു കത്ത് നൽകിയതായി അറിയിക്കുകയുണ്ടായി. തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൌണ്ടിൽ ലഭ്യമായതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്.

### 1-21 ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

ഡെപ്പോസിറ്റ് വർക്കുകളുമായി ബന്ധപ്പെട്ട ലെഡ്ജറുകളിൽ ജേണൽ വൌച്ചറുകൾ പ്രകാരം ക്രമീകരിച്ചിരിക്കുന്ന തുകകൾക്കാധാരമായ വിനിയോഗസാക്ഷ്യപത്രം/വരവിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട ലെഡ്ജറുകൾ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | തുക | Voucher Type | വൌച്ചർ നം , തീയതി |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 24,30,483 | JV | 4200039/31.03.2023 |
| കെ.എസ്.ഇ.ബി | 5,16,688 | JV | 4200039/31.03.2023 |
| ആകെ | 29,47,171 | | |

വിനിയോഗ സാക്ഷ്യപത്രം/വരവിന്റെ രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം ( നം 22/19.07.2023) മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകൾ, ജേണൽ വൌച്ചറുകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

(കുറിപ്പ്- മിസല്ലേനിയസ് രസീപ്റ്റ് എന്ന വരവിന്റെ ലെഡ്ജർ പ്രകാരം Balance Fund Refund From KWA For The Period From 2015-16 To 2021-22 എന്നയിനത്തിൽ 2,23,095/- രൂപ വരവ് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ ആധികാരിക രേഖകൾ ലഭ്യമാക്കിയിട്ടില്ല)

### 1-22 സ്പീച്ച് ബിഹേവിയർ ആന്റ് ഒക്കുപേഷൻ തെറാപ്പിസ്റ്റിന് ഹാജരാകാത്ത ദിവസങ്ങളിലും വേതനം നൽകി. 55,000/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

പ്രോജക്ട് നം, പേര് - പ്രോജക്ട് നം 64, ബഡ്സ് റീഹാബിലിറ്റേഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ- സ്പീച്ച് ബിഹേവിയർ ആന്റ് ഒക്കുപേഷൻ തെറാപ്പി

നിർവഹണ ഉദ്യോഗസ്ഥ - ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ

അടങ്കൽ - 2,40,000/-( പൊതുവിഭാഗം സാ.ധാ)

ചെലവ് - 2,40,000/-( ബിൽ ബുക്ക് ബിൽ നം 3/13.10.22 Rs 20,000/-

ബിൽ നം 1/05.09.2022, Rs 1,00,000/ -

ബിൽ നം 4/14.10.2022, Rs 20,000/-

ബിൽ നം 12/14.12.2022, Rs 20,000/-

ബിൽ നം 16/18.01.23, Rs 20,000/-

ബിൽ നം 18/06.02.23 Rs 20,000/-

ബിൽ നം 22/08.03.23 Rs 20,000/-

ബിൽ നം 25/28.03.23, Rs 20000/- )

സബ്സിഡി മാർഗരേഖ (സ.ഉ (കൈ) നം 115/2022/തസ്വഭവ തീയതി 28.05.2022) ഖണ്ഡിക 7.1.10 പ്രകാരം കുട്ടികളിലെ വ്യത്യസ്ത വൈകല്യങ്ങൾ ബാല്യകാലത്തിൽ തന്നെ തിരിച്ചറിഞ്ഞ് ചികിത്സ ലഭ്യമാക്കുന്നതിനായി ബഡ്സ് റീഹാബിലിറ്റേഷൻ ആന്റ്

ഫെസിലിറ്റേഷൻ സെന്ററുകൾ കേന്ദ്രീകരിച്ച് ക്രമീകരണം ചെയ്യാവുന്നതും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് വിവിധ ഗ്രാമപഞ്ചായത്തുകൾക്കായി ഒന്നോ അതിലധികമോ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതാണ്. പ്രസ്തുത ആവശ്യത്തിലേയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് ഇന്റർവ്യൂ നടത്തി സ്പീച്ച് തെറാപ്പിസ്റ്റ് ആയി ശ്രീമതി ഷിമി.എൽ നെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രോജക്ട് നിർവഹണം, വേതനം നൽകൽ എന്നിവയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

. സ്പീച്ച് തെറാപ്പിസ്റ്റ് ആയി ശ്രീമതി ഷിമി.എൽ ന്റെ നിയമനം (2021-22 സാമ്പത്തിക വർഷത്തിലാണ് നിയമനം നൽകിയിരിക്കുന്നത്) ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല.

. അതിയന്നൂർ ശിശുവികസന പദ്ധതി ഓഫീസറുടെ ICDS/A/339/20201 തീയതി 28.12.2021 ലെ നടപടിക്രമങ്ങൾ പ്രകാരം ശ്രീമതി ഷിമിയ്ക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ഷിമി,താത്കാലിക ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുകൊള്ളാമെന്ന് നിർവഹണ ഉദ്യോഗസ്ഥയുമായി കരാർ വച്ചിട്ടുമുണ്ട്. എന്നാൽ പ്രോജക്ട് രേഖകൾ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം, ജോലി ചെയ്ത ദിവസങ്ങളുടെ എണ്ണം കണക്കിലെടുക്കാതെ, പ്രതിമാസം 20,000/-രൂപ വീതം വേതനമിനത്തിൽ തെറാപ്പിസ്റ്റിന് തുക അനുവദിച്ചിരിക്കുന്നു. സബ്സിഡി മാർഗരേഖ ഖ 7.1.10 പ്രകാരം ഓരോ സ്പെഷ്യലിസ്റ്റിനും ഒരു സിറ്റിംഗിന് 1,000/- രൂപ വീതം നൽകുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഉത്തരവിലെ പ്രസ്തുത നിർദ്ദേശത്തിനും , കരാർവ്യവസ്ഥകൾക്കും വിരുദ്ധമായി അധികതുക നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-23 ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളം ആക്കുന്ന നൂതന പ്രോജക്ട് നടപ്പിലാക്കിയില്ല- 5,57,167/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം, പേര് - 108 , ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളം ആക്കുന്ന പ്രോജക്ട്

നിർവഹണ ഉദ്യോഗസ്ഥൻ - ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ - 8,88,475/- ( പൊതുവിഭാഗം സാ.ധാ)

ചെലവ് - 5,57,167/- ( ബിൽ ബുക്ക് ബിൽ നം 25/28.03.23)

ചാണകം ക്ഷീരസംഘം മുഖേന സംഭരിച്ച് മെഷീൻ സ്ഥാപിച്ച് ഉണക്കിപ്പൊടിച്ച് പാക്കറ്റുകളിലാക്കി വിപണനം ചെയ്യുന്നതിന് ക്ഷീരസഹകരണ സംഘത്തിന് സഹായം നൽകുന്ന നൂതന പദ്ധതിയാണിത്. ക്ഷീരോത്പാദന രംഗത്ത് അധികവരുമാനം കണ്ടെത്തി ക്ഷീരോത്പാദനം കൂടുതൽ ആദായകരമാക്കുന്നതിനും , പൊതു വിപണിയിൽ ജൈവഉത്പന്നങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും മലിനീകരണരഹിത പശുവളർത്തൽ സാധ്യമാക്കുന്നതിനുമാണ് പ്രോജക്ട് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി രൂപീകരണ ഫോറം പ്രകാരം നൂതന പ്രോജക്ടായി Plg/1040/2022-23/DPC/DPO/Tvm Dated 25.03.2023 പ്രകാരം അംഗീകാരം ലഭ്യമായതാണ് പ്രോജക്ട് രൂപീകരണ ഫോറത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.

സുലേഖ സോഫ്റ്റ്വെയറിൽ ഓൺലൈനായിട്ടാണ് പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നതെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 12/14.07.2023 ) മറുപടി ലഭ്യമാക്കിയത്.

2. ഇ-ടെണ്ടർ നടപടിക്രമങ്ങൾ മുഖേന കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ(KSIE ) (Rs.899473.6/-) ടെണ്ടർ ഭരണസമിതി അംഗീകരിക്കുകയും (23.03.23 ലെ 1/1-ാം നമ്പർ തീരുമാന പ്രകാരം) പർച്ചെയ്സ് ഓർഡർ നൽകി തുടർനടപടികൾ കൈക്കൊള്ളുന്നതിന് ക്ഷീരവികസന ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. തുടർന്ന് 24.03.23 ൽ KSIE ക്ക് 8,88,475/- രൂപയ്ക്ക് വർക്ക് ഓർഡർ നൽകിട്ടുണ്ട്. ഇ-ടെണ്ടറിനൊപ്പം ലഭ്യമാക്കിയ പ്രിലിമിനറി എഗ്രിമെന്റിലെ (18.03.2022) വ്യവസ്ഥകൾ പ്രകാരം പർച്ചെയ്സ് ഓർഡർ ലഭിച്ച് 12 ദിവസത്തിനകം കരാർ വച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ KSIEയുമായി നിർവഹണഉദ്യോഗസ്ഥ കരാർ വച്ചിട്ടില്ല.

മെഷീൻ കിട്ടുന്നതിന് കാലതാമസമുള്ളതിനാൽ തുക മുൻകൂറായി സ്ഥാപനത്തിന് നൽകുന്നതിനുള്ള അനുമതിയ്ക്കായുള്ള ക്ഷീരവികസന ഓഫീസറുടെ കത്തിന്റെ അടിസ്ഥാനത്തിൽ 28.03.2023 ലെ 9/6 -ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം 5,57,167/-രൂപ മുൻകൂറായി KSIE യ്ക്ക് നൽകിയിരിക്കുന്നു. കേരള സ്റ്റോർ പർച്ചെയ്സ് മാനവൽ പ്രകാരം നിശ്ചിത തീയതിയ്ക്കകം വിതരണക്കാരന് വിതരണം പൂർത്തീകരിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ വിതരണ കാലാവധി ദീർഘിപ്പിച്ചുനൽകുന്നതിനുള്ള അപേക്ഷ സ്ഥാപനം നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലൊരു അപേക്ഷയോ, KSIE മുൻകൂർ തുക ആവശ്യപ്പെട്ടതിന്റെ വിവരങ്ങളോ ലഭ്യമല്ല. മെഷീനും അനുബന്ധഉപകരണങ്ങളും വിതരണം നടത്തിയതിന് ശേഷംമാത്രമാണ് തുക സ്ഥാപനത്തിന് നൽകേണ്ടിയിരുന്നത്. ജി.ഒ (പി) നം 177/2006/ഫിൻ 12.04.2006 പ്രകാരം ഭാവിയിൽ ചെലവുവരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ലായെന്നിരിക്കെ, മെഷീൻ ലഭ്യമാകുന്നതിന് മുൻപ് മുൻകൂറായി തുക കൈമാറിയത് ക്രമവിരുദ്ധമാണ്. കൂടാതെ ഓഡിറ്റ് കാലയളവ് വരെയും മെഷീനുകൾ ലഭ്യമാക്കി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിച്ചിട്ടില്ല.

സർക്കാർ അംഗീകൃത കമ്പനി ആയതുകൊണ്ടും മെഷീൻ കിട്ടാൻ കാലതാമസം ഉണ്ടാകുമെന്നുള്ളതുകൊണ്ടുമാണ് മാർച്ച് മാസം അവസാനം ഭാഗികമായി തുക മാറി കമ്പനിയ്ക്ക് നൽകിയത് എന്നാണ് മേൽ പരാമർശിത അപാകതയ്ക്ക് (ഓഡിറ്റ് എൻക്വയറി നം 12/14.07.2023) നിർവഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്. ധനവിനിയോഗം സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയുള്ളതായതിനാലും പ്രോജക്ട് ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ലാത്തതിനാലും മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവുതുക 5,57,167/- രൂപ തടസ്സപ്പെടുത്തുന്നു.

ഉച്ചക്കട ക്ഷീരോത്പാദക സഹകരണ സംഘത്തിനെയാണ് (No 4040(D) Apcos)പദ്ധതി നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്ത് തെരഞ്ഞെടുത്തിരിക്കുന്നത് ( 19.05.23ലെ 8/4-ാം നമ്പർ ഭരണസമിതി തീരുമാനം). ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് മെഷീനും മറ്റ് അനുബന്ധഉപകരണങ്ങളും വാങ്ങുകയും കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ 5 വനിതകളെ തൊഴിലാളികളായി തെരഞ്ഞെടുത്ത് ചാണകം ശേഖരിച്ച് ഉണക്കിപ്പൊടിച്ച് ജൈവവളമാക്കി വിപണനം ചെയ്തുകൊള്ളാമെന്ന് ഉച്ചക്കട ക്ഷീരോത്പാദക സഹകരണ സംഘം കേരള ഗവർണറുടെ പേർക്ക് എഴുതിയ കരാർ പത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ പൂർണഉത്തരവാദിത്തം ഡയറി എക്സ്റ്റൻഷൻ ഓഫീസറിൽ നിക്ഷിപ്തമാണ്.എന്നാൽ പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾ പോലും നിലവിൽ പൂർത്തിയായിട്ടില്ലായെന്നാണ് ഫയൽ

പരിശോധനയിൽ വ്യക്തമാകുന്നത്.

നിലവിൽ സംഘം സ്ഥലം പാട്ടത്തിൽ എടുത്ത് നിലം ഒരുക്കി ഷെഡ് പണിയുന്നതിന് ക്വട്ടേഷൻ നൽകിയിട്ടുണ്ടെന്നും ഈ മാസം തന്നെ മെഷീൻ സംഘത്തിൽ ഇൻസ്റ്റാൾ ചെയ്യുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിന് (നം 12/14.07.2023)മറുപടി ലഭ്യമാക്കി.

പദ്ധതി പ്രവർത്തനക്ഷമമമാക്കി മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. ആയതുവരെ 5,57,167/-രൂപ തടസം ചെയ്യുന്നു.

## 1-24 മൊബൈൽ മെഡിക്കൽ യൂണിറ്റ്- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല-2362988 /രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര്-മൊബൈൽ മെഡിക്കൽ യൂണിറ്റ്

പ്രോജക്ട് നമ്പർ-S0131/23

അടങ്കൽ തുക- 2700000/-

ചെലവ് തുക-2362988 /-(Bill No.385/28.3.23,Amt-933094/-Bill No.386/28.3.23,Amt-500000/-

Bill No.387/28.3.23,Amt-37394/-,Bill No.403/30.3.23,Amt-892500)

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

2022-23 സാമ്പത്തിക വർഷം മൊബൈൽ മെഡിക്കൽ യൂണിറ്റിന് ആവശ്യമായ സൗകര്യങ്ങളോട് കൂടിയ വാഹനം വാങ്ങുന്നതിനായിട്ടാണ് മേൽ പ്രോജക്ട് വിഭാവനംചെയ്തത്. ബ്ലോക്കിന്റെ പരിധിയിൽ വരുന്ന കാഞ്ഞിരംകുളം,വെങ്ങാനൂർ,കരുംകുളം,കോട്ടുകാൽ അതിയന്നൂർ എന്നീ പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ലാബ് സൗകര്യങ്ങളോടുകൂടിയ മൊബൈൽ മെഡിക്കൽ യൂണിറ്റ് സ്ഥാപിക്കുന്നതാണ് പദ്ധതി. പദ്ധതി പ്രകാരം വാഹനത്തിന്റെ ചെയ്സിസ് Gem Website വഴി Tatamotors ൽ നിന്നും വാങ്ങി, E-tender നടപടിയിലൂടെ ശിശിര ആട്ടോമൊബൈൽസ് എന്ന സ്ഥാപനത്തിന് വാഹനത്തിന്റെ ബോഡി നിർമ്മിക്കുന്നതിനായി കൈമാറിയിട്ടുണ്ട്.പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, പദ്ധതി നടത്തിപ്പിൽ,കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. E-tender നടപടിയിലൂടെ തെരഞ്ഞെടുത്ത ശിശിര ആട്ടോമൊബൈൽസ് എന്ന സ്ഥാപനത്തിന് , 24.3.2023 ൽ വാഹനത്തിന്റെ ചെയ്സിസ് ,ബോഡി നിർമ്മിക്കുന്നതിനായി കരാർ വച്ച് കൈമാറിയിട്ടുണ്ടെങ്കിലും കരാർ പ്രകാരമുള്ള 90 ദിവസത്തിനുള്ളിൽ വാഹനം ലഭ്യമായിട്ടില്ല.
2. സർക്കാർ ഉത്തരവ് നം.84/2022/തസ്വഭവ തീ.19.4.2022 ഖ.3.5.3,4,5 എന്നിവ പ്രകാരം പങ്കാളികളാകുന്ന തദ്ദേശസ്ഥാപനങ്ങൾ വിഹിതം വകയിരുത്തി പ്രോജക്ട് തയ്യാറാക്കുന്നതിനും, പ്രോജക്ടിന്റെ മുഖ്യ പങ്കാളിയാകുന്ന ഗ്രാമപഞ്ചായത്താണ് വിശദമായ പ്രോജക്ട് തയ്യാറാക്കേണ്ടതെന്നും,പങ്കാളികളാകുന്ന തദ്ദേശസ്ഥാപനങ്ങൾ തമ്മിൽ കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണെന്നുമുള്ള വ്യവസ്ഥകൾ പാലിച്ച് ഗ്രാമപഞ്ചായത്തുകളുമായി കരാർ ചമച്ചിന്റെ രേഖകൾ ലഭ്യമല്ല.
3. വെങ്ങാനൂർ പഞ്ചായത്ത് ഒരു ലക്ഷം രൂപ ശിശിര ആട്ടോമൊബൈൽസിന് നേരിട്ട് നല്കിയതായി BP2/2342/22 Dtd 28.3.2023 എന്ന കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.തുക ശിശിര ആട്ടോമൊബൈൽസിന് നേരിട്ട് നല്കിയതിന്റെ വിശദാംശങ്ങൾ ,ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. പ്രോജക്ടിൽ ഗ്രാമ പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഉൾപ്പെടുന്ന പഞ്ചായത്തുകൾ എത്ര ഫണ്ട് നല്കണമെന്ന് പ്രോജക്ട് രൂപീകരണത്തിൽ വ്യക്തമല്ല.
5. പ്രസ്തുത മെഡിക്കൽ യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനും ഉടർനടത്തിപ്പിനും ആവശ്യമാക്കുന്ന ഉപകരണങ്ങൾ സംബന്ധിച്ച വിശദാംങ്ങൾ പ്രോജക്ടിൽ പരാമർശിച്ചിട്ടില്ല. കൂടാതെ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമാകുന്ന ജീവനക്കാരുടെ വിശദാംശങ്ങൾസേവനവേതന വ്യവസ്ഥകൾ,വേതനത്തിനുള്ള ഫണ്ടിന്റെ വിശദാംശങ്ങൾ എന്നിവ സംബന്ധിച്ചും പ്രോജക്ടിൽ നിന്നും വ്യക്തമാകുന്നില്ല.

മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി നമ്പർ 20/23 ന് മറുപടി ലഭ്യമാക്കിയില്ല.സർക്കാർ മാർഗരേഖ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി തയ്യാറാക്കാത്തതിനാലും മൊബൈൽ മെഡിക്കൽ യൂണിറ്റ് പ്രവർത്തിപ്പിച്ച് പ്രവർത്തന റിപ്പോർട്ട് എന്നവ ലഭ്യമാക്കതിനാലും ചെലവ് തുക തടസ്സപ്പെടുത്തുന്നു. മേൽ പരാമർശങ്ങൾക്കുള്ള വിശദീകരണം, മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്ത റിപ്പോർട്ട്,മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-1009213/- രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2022-23 നടപ്പിലാക്കിയ വിവധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നമ്പർ | അടവാക്കിയതുക (ബിൽ നമ്പർ ) | തുക അടവാക്കിയതിന്റെ വിവരം |
|---|---|---|---|
| 1 | ബയോമെടിക്ക് പഞ്ചിംഗ് മെഷീൻ സ്ഥാപിക്കൽ (S0180/23) | 26877/-<br>Ch No.9068804 Dtd 21.3.23 | കെൽട്രോൺ |
| 2 | ജില്ലാആസൂത്രണ സമിതി സെക്രട്ടറിയേറ്റ് നിർമ്മാണം ബ്ലോക്ക് വിഹിതം (S0136/23) | 500000/-<br>Bill No.11/22-23 Dtd 17.9.22 | മെമ്പർ സെക്രട്ടറി ,ജില്ലാ ആസൂത്രണ സമിതി |
| 3 | ഐ.കെ.എം പ്രവർത്തന ഫണ്ട് (S0132/23 | 48202/-<br>Bill No.7/22-23 Dtd 30.8.22 | ഡയറക്ടർ, ഐ.കെ.എം |

| | | | |
|---|---|---|---|
| 4 | മുരുപുരയിടം കൊല്ലവിളാകം വൈദ്യുതി ലൈൻ നീട്ടൽ (S00130/23) | 434134/- Bill No.108/22-23 Dtd 2.12.22 | കെ.എസ്.ഇ.ബി |
| | ആകെ | 1009213 രൂപ | |

മേൽ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ആകെ 1009213/-രൂപ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം (1009213/-രൂപയുടെ) ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 പി.എം.എ.വൈ ഭവന പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പി.എം.എ.വൈ ഭവന പദ്ധതിപ്രകാരം ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പഞ്ചായത്തിന്റെ പേര് | തുക കൈപറ്റിയതിന്റെ വിവരം |
|---|---|---|---|
| 1 | ശ്രീമതി. ദീപ്തി എം.വി | കോട്ടുകാൽ ഗ്രാമപഞ്ചായത്ത് | ആദ്യഗഡു -25.2.22<br>അവസാന ഗഡു-10.3.23<br>കൈപറ്റിയ തുക-278000 |
| 2 | ശ്രീ.അരുൺ | അതിയന്നൂർ ഗ്രാമപഞ്ചായത്ത് | ആദ്യഗഡു -11.11.21<br>അവസാന ഗഡു-10.3.23<br>കൈപറ്റിയ തുക-376000 |
| 3 | ശ്രീ.വിപികുമാർ | അതിയന്നൂർ ഗ്രാമപഞ്ചായത്ത് | ആദ്യഗഡു -18.11.21<br>കൈപറ്റിയ തുക-48000 |
| 4 | ശ്രീമതി.ആശഗണേശ് | അതിയന്നൂർ ഗ്രാമപഞ്ചായത്ത് | ആദ്യഗഡു -29.12.21<br>അവസാന ഗഡു-28.5.22<br>കൈപറ്റിയ തുക-306000 |
| 5 | ശ്രീമതി.ലില്ലി വി.കെ | അതിയന്നൂർ ഗ്രാമപഞ്ചായത്ത് | ആദ്യഗഡു -24.3.22<br>അവസാന ഗഡു-10.3.23<br>കൈപറ്റിയ തുക-278000 |
| 6 | ശ്രീമതി .ആരതി.എ.എൽ | അതിയന്നൂർ ഗ്രാമപഞ്ചായത്ത് | ആദ്യഗഡു -16.10.22<br>അവസാന ഗഡു-10.3.23<br>കൈപറ്റിയ തുക-278000 |

മേൽ പരാമർശിച്ചിരിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ആരാഞ്ഞ് നല്കിയ എൻക്വയറി നമ്പർ 26 ന്റെ മറുപടിയിൽ ,ഭവനനിർമ്മാണം അവസാന ഘട്ടത്തിലാണെന്നും അടിയന്തരമായി നിർമ്മാണം പൂർത്തീകരിച്ച് റിപ്പോർട്ട് നല്കുന്നതിന് അതത് പഞ്ചായത്തുകളിലെ വി.ഇ.ഒ മാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ടെന്ന് അറിയിച്ചു.ഭവന നിർമ്മാണം പൂർത്തിയാക്കി റിപ്പോർട്ട് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-27 മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന വെൺപകൽ സി.എച്ച്.സി.വഴി മരുന്ന് വിതരണം ചെയ്യുന്നതിനായി രണ്ട് പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് തുക ചെവഴിച്ചു.

1.S0024/22-23 നമ്പർ "മരുന്ന് വാങ്ങൽ -സി.എച്ച്.സി.വെൺപകൽ”-പദ്ധതിപ്രകാരം റോഡിതരത്തിൽ 250000/- രൂപ വകയിരുത്തി 250000/-രൂപ ഇൻ ഹൌസ് ഡ്രഗ് ബാങ്കിന് ചുവടെ വിവരിക്കും പ്രകാരം നൽകി.

| നിർവഹണം | ചീഫ് മെഡിക്കൽ ആഫീസർ- സി.എച്ച്.സി.വെൺപകൽ. |
|---|---|
| ബിൽ നമ്പർ,തിയതി. | ബിൽ തുക |
| 3, 12/9/2022 | 78039/- |
| 12, 30/12/2022 | 171961/- |
| ആകെ | 250000/- |

ഫയൽ പരിശോധനയിൽ പ്രസ്തുത ബില്ലുകൾ പ്രകാരം 250000/-രൂപ നൽകിയെങ്കിലും ആകെ 245275/- രൂപയുടെ ഫൈനൽ ബില്ലുകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളുവെന്ന് കണ്ടെത്തി. 4725/-രൂപയുടെ ബില്ലോ, മരുന്ന് ലഭ്യമാക്കി സ്റ്റോക്കിൽ രേഖപ്പെടുത്തിയതിന്റെ രേഖകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2.S0 111/2022നമ്പർ വെൺപകൽ സി.എച്ച്.സി.സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം പൊതുവിഭാഗത്തിൽ 700000/-രൂപ വകയിരുത്തി 622270/-രൂപ വിവിധ ബില്ലുകൾ പ്രകാരം ഇൻ ഹൌസ് ഡ്രഗ് ബാങ്കിന് മരുന്ന് ലഭ്യമാക്കാൻ നൽകി ചെലവഴിച്ചു.പ്രസ്തുത ബില്ലുകളിൽ ഉൾപ്പെട്ട ബിൽ നമ്പർ 16/ 24-3-2023 പ്രകാരം 59956/-രൂപ നൽകിയതിൽ 20832/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. 39124/-രൂപയുടെ മരുന്ന് ലഭ്യമാക്കി സ്റ്റോക്കിൽ രേഖപ്പെടുത്തി ഫൈനൽ ബില്ല് ഹാജരാക്കിയിട്ടില്ല.ആയതിനെ തുടർന്ന് ബില്ലുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 8/23-ന് നിർവഹണോദ്യോഗസ്ഥനായ വെൺപകൽ സി.എച്ച്.സി.യിലെ മെഡിക്കൽ ആഫീസർ മറുപടിയോ,ബില്ലുകളോ ലഭ്യമാക്കിയില്ല.

ഇപ്രകാരം അന്വേഷണകുറിപ്പിന് മറുപടിയോ,ഫൈനൽ ബില്ലുകളോ ലഭ്യമാക്കാത്തതിനാൽ S0024/22-23 നമ്പർ -മരുന്ന് വാങ്ങൽ സി.എച്ച്.സി .വെൺപകൽ-പദ്ധതി പ്രകാരം നൽകിയ തുകയിൽ ലഭ്യമാകേണ്ട മരുന്നുകളിൽ നാളിതുവരെ ലഭിക്കാത്ത മരുന്നിന്റെ വിലയായ 4725/-രൂപയും, S0111/2022 നമ്പർ "വെൺപകൽ സി.എച്ച്.സി.സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതി" പ്രകാരം മരുന്ന് ലഭ്യമാക്കാൻ നൽകിയ തുകയിൽ നാളിതുവരെ ലഭ്യമാകാത്ത മരുന്നിന്റെ വിലയായ 43849/-രൂപയുടെ മരുന്ന് ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഫൈനൽ ബില്ലുകൾ ഉൾപ്പടെ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്പീച്ച് ബിഹേവിയർ ആന്റ് ഒക്കുപേഷൻ തെറാപ്പിസ്റ്റിന് ഹാജരാകാത്ത ദിവസങ്ങളിലും വേതനം നൽകി. 55,000/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

പ്രോജക്റ്റ് നം, പേര് - പ്രോജക്റ്റ് നം 64, ബഡ്സ് റീഹാബിലിറ്റേഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ- സ്പീച്ച് ബിഹേവിയർ ആന്റ് ഒക്കുപേഷൻ തെറാപ്പി

നിർവഹണ ഉദ്യോഗസ്ഥ - ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ

അടങ്കൽ - 2,40,000/-( പൊതുവിഭാഗം സാ.ധാ)

ചെലവ് - 2,40,000/-( ബിൽ ബുക്ക് ബിൽ നം 3/13.10.22 Rs 20,000/-

ബിൽ നം 1/05.09.2022, Rs 1,00,000/ -

ബിൽ നം 4/14.10.2022, Rs 20,000/-

ബിൽ നം 12/14.12.2022, Rs 20,000/-

ബിൽ നം 16/18.01.23, Rs 20,000/-

ബിൽ നം 18/06.02.23 Rs 20,000/-

ബിൽ നം 22/08.03.23 Rs 20,000/-

ബിൽ നം 25/28.03.23, Rs 20000/- )

സബ്സിഡി മാർഗരേഖ (സ.ഉ (കൈ) നം 115/2022/തസ്വഭവ തീയതി 28.05.2022) ഖണ്ഡിക 7.1.10 പ്രകാരം കുട്ടികളിലെ വ്യത്യസ്ത വൈകല്യങ്ങൾ ബാല്യകാലത്തിൽ തന്നെ തിരിച്ചറിഞ്ഞ് ചികിത്സ ലഭ്യമാക്കുന്നതിനായി ബഡ്സ് റീഹാബിലിറേഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ കേന്ദ്രീകരിച്ച് ക്രമീകരണം ചെയ്യാവുന്നതും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് വിവിധ ഗ്രാമപഞ്ചായത്തുകൾക്കായി ഒന്നോ അതിലധികമോ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതാണ്. പ്രസ്തുത ആവശ്യത്തിലേയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് ഇന്റർവ്യൂ നടത്തി സ്പീച്ച് തെറാപ്പിസ്റ്റ് ആയി ശ്രീമതി ഷിമി.എൽ നെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രോജക്റ്റ് നിർവഹണം, വേതനം നൽകൽ എന്നിവയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

. സ്പീച്ച് തെറാപ്പിസ്റ്റ് ആയി ശ്രീമതി ഷിമി.എൽ ന്റെ നിയമനം (2021-22 സാമ്പത്തിക വർഷത്തിലാണ് നിയമനം നൽകിയിരിക്കുന്നത്) ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല.

. അതിയന്നൂർ ശിശുവികസന പദ്ധതി ഓഫീസറുടെ ICDS/A/339/20201 തീയതി 28.12.2021 ലെ നടപടിക്രമങ്ങൾ പ്രകാരം ശ്രീമതി ഷിമിയ്ക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ഷിമി,താത്കാലിക ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുകൊള്ളാമെന്ന് നിർവഹണ ഉദ്യോഗസ്ഥയുമായി കരാർ വച്ചിട്ടുമുണ്ട്. എന്നാൽ പ്രോജക്റ്റ് രേഖകൾ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം, ജോലി ചെയ്ത ദിവസങ്ങളുടെ എണ്ണം കണക്കിലെടുക്കാതെ, പ്രതിമാസം 20,000/-രൂപ വീതം വേതനമിനത്തിൽ തെറാപ്പിസ്റ്റിന് തുക അനുവദിച്ചിരിക്കുന്നത്. സബ്സിഡി മാർഗരേഖ ഖ 7.1.10 പ്രകാരം ഓരോ സ്പെഷ്യലിസ്റ്റിനും ഒരു സിറ്റിംഗിന് 1,000/- രൂപ വീതം നൽകുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഉത്തരവിലെ പ്രസ്തുത നിർദ്ദേശത്തിനും , കരാർവ്യവസ്ഥകൾക്കും വിരുദ്ധമായി അധികതുക നൽകിയിരിക്കുന്നു.

ശ്രീമതി ഷിമി നൽകിയിരിക്കുന്ന ഓരോ മാസത്തെയും സ്പീച്ച് തെറാപ്പി റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത റിപ്പോർട്ട് ബഡ്സ് സ്കൂൾ ടീച്ചർ/ ഐ സി ഡി എസ് സൂപ്പർവൈസർ/ സി.ഡി.പി.ഒ എന്നിവർ ആരും സാക്ഷ്യപ്പെടുത്തി ആയതിന്റെ കൃത്യത പരിശോധിച്ച് ആധികാരികമാക്കിയിരുന്നില്ല. അംഗൻവാടിയിൽ തെറാപ്പിലഭ്യമാക്കിയ കുട്ടികളുടെ എണ്ണം , കുട്ടികളുടെ ട്രീറ്റ്മെന്റ് ആന്റ് പ്രോഗ്രസ് റിപ്പോർട്ട് , മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയും ഫയലിൽ സൂക്ഷിക്കുകയോ ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ( ഓഡിറ്റ് അന്വേഷണം നം 23/19.07.2023). ആയതിനാൽ സ്പീച്ച് തെറാപ്പിസ്റ്റ് ജോലിയ്ക്ക് ഹാജരായതിന്റെ റിപ്പോർട്ടുകൾ ബഡ്സ് റീഹാബിലിറേഷൻ സെന്ററുകളിൽ നിന്നും ഓഡിറ്റ് അന്വേഷണം മുഖേന ലഭ്യമാക്കിയത് (നം18/15.07.2023 ) അവിടത്തെ ഹാജർപുസ്തകങ്ങളുമായി പൊരുത്തപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ തെറാപ്പിസ്റ്റിന് നൽകാവുന്ന/അനുവദനീയമായ തുക കണക്കാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം | ബഡ്സ് സ്കൂൾ / റീഹാബിലിറ്റേഷൻ സെന്ററിന്റെ പേര് | | | | കാഞ്ഞിരം കുളം ഗ്രാമ പഞ്ചായത്ത് | ആകെ | നൽകാവുന്ന തുക (@1000) | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|
| | വെങ്ങാനൂർ | കാഞ്ഞിരം കുളം | കോട്ടുകാൽ | കരുംകുളം (Govt LPS Pallom) | അംഗൻവാടി നം 32 | | | | |
| 4/2022 | 0 | 6 | 8 | 0 | 0 | 14 | 14000 | 20000 | 6000 |
| 5/2022 | 4 | 7 | 8 | 0 | 0 | 19 | 19000 | 20000 | 1000 |
| 6/2022 | 7 | 7 | 6 | 0 | 0 | 20 | 20000 | 20000 | 0 |
| 7/2022 | 7 | 7 | 4 | 2 | 0 | 20 | 20000 | 20000 | 0 |
| 8/2022 | 3 | 6 | 5 | 3 | 0 | 17 | 17000 | 20000 | 3000 |
| 9/2022 | 5 | 4 | 4 | 2 | 0 | 15 | 15000 | 20000 | 5000 |
| 10/2022 | 5 | 4 | 2 | 3 | 0 | 14 | 14000 | 20000 | 6000 |
| 11/2022 | 4 | 5 | 4 | 3 | 2 | 18 | 18000 | 20000 | 2000 |
| 12/2022 | 3 | 4 | 6 | 2 | 1 | 16 | 16000 | 20000 | 4000 |
| 1/2023 | 3 | 2 | 4 | 2 | 1 | 12 | 12000 | 20000 | 8000 |
| 2/2023 | 4 | 4 | 5 | 1 | 0 | 14 | 14000 | 20000 | 6000 |
| 3/2023 | 0 | 3 | 3 | 0 | 0 | 6 | 6000 | 20000 | 14000 |
| ആകെ | | | | | | | 181000 | 240000 | 55000 |

( കുറിപ്പ്:-കാഞ്ഞിരംകുളം പഞ്ചായത്തിലെ അംഗൻവാടി നം 32ൽ കുട്ടികൾക്ക് സ്പീച്ച് തെറാപ്പി നൽകുന്നതിനായി 23.11.22, 29.11.22 , 12.12.22, 17.12.2023, 21.01.23, 03.04.23 എന്നീ തിയതികളിൽ ശ്രീമതി ഷിമി സ്പീച്ച് തെറാപ്പിസ്റ്റായി അംഗൻവാടിയിൽ ഹാജരായതായി ഐ.സി.ഡി.എസ് സൂപ്പർവൈസർ സർട്ടിഫൈ ചെയ്തിരിക്കുന്നു. ബഡ്സ് സ്കൂളിന്റെ ഹാജർ പുസ്തക പ്രകാരം 23.11.22, 29.11.22 തീയതികളിൽ ടിയാൾ ബഡ്സ് സ്കൂളിലും ഹാജരായിട്ടുണ്ട്. സ്പീച്ച് തെറാപ്പിസ്റ്റിന്റെ ഒരു സിറ്റിംഗിനാണ് 1,000/-രൂപ പ്രതിഫലം അനുവദനീയമായിട്ടുള്ളത്. മാർഗരേഖ പ്രകാരം കുട്ടികളെ രക്ഷാകർത്താക്കൾ തന്നെ നിശ്ചിത ദിവസങ്ങളിൽ സെന്ററുകളിൽ എത്തിച്ച് ചികിത്സ ലഭ്യമാക്കേണ്ടതാണെന്ന നിർദ്ദേശത്തിനു വിരുദ്ധമായി ഒരേ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ഒരേ ദിവസം സ്പീച്ച് തെറാപ്പി നടത്താനുള്ള സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ് " അങ്കണവാടിയിൽ സംസാരവൈകല്യം കണ്ടെത്തിയ കുട്ടിക്ക് സ്പീച്ച് തെറാപ്പി നൽകുന്നതിനായി രക്ഷാകർത്താക്കൾ കുട്ടിയെ ബഡ്സ് സ്കൂളിൽ എത്തിക്കാൻ വിസമ്മതിച്ച സാഹചര്യത്തിലാണ് സ്പീച്ച് തെറാപ്പിസ്റ്റിനു അങ്കണവാടിയിൽ പോയി തെറാപ്പി നൽകുവാനുള്ള നിർദ്ദേശം നൽകിയത്". സി.ഡി.പി.ഒ ലഭ്യമാക്കിയ പ്രസ്തുത മറുപടി അംഗീകരിച്ച് 4 ദിവസത്തെ വേതനമായി 4,000/- രൂപ കൂടി നൽകാവുന്ന തുകയിൽ ( 23.11.22, 29.11.22 , 12.12.22, 21.01.23) കണക്കിലെടുത്തിട്ടുണ്ട്. )

സ്പീച്ച് തെറാപ്പിസ്റ്റിന്റെ നിയമനം അംഗീകരിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കാതെയും , കരാർ പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച വ്യക്തിയ്ക്ക് ഹാജരായ ദിവസങ്ങൾ കണക്കിലെടുക്കാതെയും മതിയായ രേഖകൾ പരിശോധിച്ചുറപ്പുവരുത്താതെയും സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായും അധികമായി നൽകിയ തുക 55,000/- രൂപ നിരാകരിക്കുന്നു. ഉത്തരവാദികളിൽ നിന്ന് തുക തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സബ്സിഡി മാർഗരേഖപ്രകാരം ഒരു സിറ്റിംഗിന് 1000/- രൂപയാണ് നൽകേണ്ടിയിരുന്നതെന്നും എന്നാൽ ശ്രദ്ധക്കുറവുമൂലം അധിക തുക മാറി നൽകിയിട്ടുണ്ടെന്നുമാണ് അപാകത സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം 23/19.07.2023) മറുപടി ലഭ്യമാക്കിയത്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം

സുലേഖ പത്രിക പ്രകാരം സംയുക്ത പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ ധനകാര്യപത്രിക പ്രകാരം പി.എം.എ.വൈ പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്ത് വിഹിതം ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. സംയുക്ത പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകയുടെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ചെലവ് (സുലേഖ പ്രകാരം) | നീക്കിയിരുപ്പ് (എ.എഫ്.എസ് പ്രകാരം) |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ചത് | 8834132 | 452772 | 0 | 2920904 |

ധനകാര്യപത്രികയിൽ ചെലവ് ഏത് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ചെലവുതുകയും ലഭ്യമാക്കേണ്ടതാണ്. പി.എം.എ.വൈ പദ്ധതി ഗ്രാമപഞ്ചായത്തുകളുടെ വിഹിതം കൂടി ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നതെങ്കിലും പ്രോജക്ട് അടങ്കലിൽ ഗ്രാമപഞ്ചായത്ത്

വിഹിതം ഉൾപ്പെടുത്തിയിട്ടില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

| നിർഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | കുറിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 130/22, മുളുപുരയിടം കൊല്ലവിളാകം വൈദ്യുതി ലൈൻ നീട്ടൽ | 434134 | ० | 434134 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | 149/22 ഗവ.എൽ പി സ്കൂൾ കഴിവൂർ കുടിവെള്ള പദ്ധതി | 223617 | ० | 223617 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| പി.ഡബ്ല്യു.ഡി | വലിയവിള കുടിവെള്ള പദ്ധതി 182/23 | 178126 | 178126 | 0 | |

ധനകാര്യപത്രികയിലെ വിവരങ്ങൾ

| സ്ഥാപനം | മുന്നിരിപ്പ് | നൽകിയ തുക | തിരികെ ലഭ്യമായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| കെ.എസ് .ഇ.ബി | 3273196 | 434134 (130/22, മുളുപുരയിടം കൊല്ലവിളാകം വൈദ്യുതി ലൈൻ നീട്ടൽ ) | 0 | 3190642 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 370977 | 223617 (149/22, ഗവ.എൽ പി സ്കൂൾ കഴിവൂർ കുടിവെള്ള പദ്ധതി ) | 0 | 594594 |
| കേരള വാട്ടർ അതോറിറ്റി | 4019794 | 0 | 0 | 1589311 |

(കുറിപ്പ്- മിസല്ലേനിയസ് രസീപ്റ്റ് എന്ന വരവിന്റെ ലെഡ്ജർ പ്രകാരം Balance Fund Refund From KWA For The Period From 2015-16 To 2021-22 എന്നയിനത്തിൽ 2,23,095/- രൂപ വരവ് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ ആധികാരിക രേഖകൾ ലഭ്യമാക്കിയിട്ടില്ല)

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകൾ

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 14009234 |
| ഓഡിറ്റ് വർഷത്തെ വരവ് | 73818834 |
| ആകെ | 87828068 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 77438970 |
| നീക്കിയിരിപ്പ് | 10389098 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 55,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5998617 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ നിരാകരിച്ച തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 55000/- | ശ്രീമതി ശിവപ്രിയ., ശിശുവികസന പ്രോജക്ട് ഓഫീസർ, അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 69249 | ഡോ ജവഹർ , മെഡിക്കൽ ഓഫീസർ,<br>സി എച്ച് സി വിഴിഞ്ഞം |
| 1-15 | 2000000 | ഡോ ജസ്റ്റിൻ ബേസൽ ,<br>മെഡിക്കൽ ഓഫീസർ, സി എച്ച് സി വെൺപകൽ |
| 1-23 | 557167 | ശ്രീമതി മേരിസുധ,<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-24 | 2362988 | ശ്രീ ധീരജ് മാത്യു ജെ ജെ,<br>സെക്രട്ടറി അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് |
| 1-25 | 1009213 | ശ്രീ ധീരജ് മാത്യു ജെ ജെ,<br>സെക്രട്ടറി അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് |
| ആകെ | 5998617 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ധീരജ് മാത്യു ജെ ജെ, സെക്രട്ടറി അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | പുലരി ഹൌസ്, കൊറ്റംവിളാകം , ആർ സി സ്ട്രീറ്റ്, ബാലരാമപുരം |
| ശ്രീമതി ശിവപ്രിയ, ചൈൽഡ് ഡെവലപ്മെന്റ് | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ ,അതിയന്നൂർ | ശ്രീ സൂര്യഗായത്രി തിരുപുരം പി.ഒ |

| | | |
|---|---|---|
| പ്രോജക്റ്റ് ഓഫീസർ | ബ്ലോക്ക് പഞ്ചായത്ത് | |
| ഡോ ജവഹർ, മെഡിക്കൽ ഓഫീസർ, സി എച്ച് സി വിഴിഞ്ഞം | | ഡബ്ല ജെ നിവാസ്, ലൂയിസ് കോംപൌണ്ട്,മങ്ങാട് ,തിരുമല |
| ഡോ ജസ്റ്റിൻ ബേസൽ , മെഡിക്കൽ ഓഫീസർ, സി എച്ച് സി വെൺപകൽ | മെഡിക്കൽ ഓഫീസർ, സി എച്ച് സി വെൺപകൽ | ബഥേൽ, നെയ്യാറ്റികര ഠൌൺ , മസ്ജിദിന് എതിർവശം , നെയ്യാറ്റികര |
| ശ്രീമതി മേരിസുധ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | | പ്ലാവിള, വടക്കേപുത്തൻവീട്, മുള്ളുവിള പി.ഒ, നെയ്യാറ്റിൻകര |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-2007 | കെ.എസ്.എ റ്റി വി എം ബി പി1/2039/2022 തീയതി 19.11.22 | 4 |
| 2007-2008 | കെ.എസ്.എ റ്റി വി എം ബി പി1/2039/2022 തീയതി 19.11.22 | 1 |
| 2009-2010 | കെ.എസ്.എ റ്റി വി എം ബി പി1/2039/2022 തീയതി 19.11.22 | 1 |
| 2011-2012 | കെ.എസ്.എ റ്റി വി എം ബി പി1/2039/2022 തീയതി 19.11.22 | 1 |
| 2012-2013 | കെ.എസ്.എ റ്റി വി എം ബി പി1/2039/2022 തീയതി 19.11.22 | 2 |
| 2013-2014 | കെ.എസ്.എ റ്റി വി എം ബി പി1/2039/2022 തീയതി 19.11.22 | 2 |
| 2014-2015 | കെ.എസ്.എ റ്റി വി എം ബി പി1/2039/2022 തീയതി 19.11.22 | 1 |
| 2015-2016 | കെ.എസ്.എ റ്റി വി എം ബി പി1/2039/2022 തീയതി 19.11.22 | 9 |
| 2016-2017 | കെ.എസ്.എ റ്റി വി എം ബി പി1/2039/2022 തീയതി 19.11.22 | 3 |
| 2017-2018 | കെ.എസ്.എ റ്റി വി എം ബി പി1/2039/2022 തീയതി 19.11.22 | 2 |
| 2018-19 | KSA/TVM/.ബി.പി./2241/2019 തീയതി 18.05.20 | 34 |
| 2019-20 | KSATVM/BP1/30/2022 തീയതി 07.03.2022 | 36 |
| 2020-21 | KSA/TVM/BP-706/2021 തീയതി 02.06.2022 | 8 |
| 2021-22 | കെ.എസ്.എ റ്റി വി എം ബി പി1/2/2023 തീയതി 16.03.2023 | 20 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(2) dated 27-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Athiyannoor Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Athiyannoor Block Panchayat for the year 2022-2023

Date: 16/10/2023

Joint Director
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Athiyannoor Block Panchayat for the Year 2022-2023.

**1.Major Observations**

. Non- disclosure of assets

The details of the MPLADS account were not included in the financial statements as opening balance. But in RP-40b the details of the said account (balance as on 31.03.2023) is included.

**2.Other Observations**

1.The following mandatory financial statements prescribed in accounting rules are not submitted for audit

Annual ratios as per rule 62-2 (f) of Kerala Panchayat Raj Accounts Rules, 2011 and comparative amounts for previous year as per 62(3) have not been prepared and submitted with the annual financial statements.

2 Cash flow statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalence

3 Lack of authenticated journal vouchers for supporting the adjustment entries recorded in journal book.

4 Necessary registers are not maintained to validate the amounts in the annual accounts.

5 Demand register does not match with financial statements.

6 Not providing adequate provision for doubtful debts.

7 Rs 18,246/- has been recorded as GST income on rent of shops as per Register. Details of inclusion of the said income in the financial statements are not available.

The information about the available amount being transferred to the government is not recorded in the AFS

8 Lapse in making timely and accurate demand entries respect of income from buildings

9 Recordings in AFS relating to deposit works does not match.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്